

# MPEDA

ന്യൂസ്‌ലെറ്റർ

വാല്യം 01, ലക്കം 06 ജൂൺ 2018

പേജ് 09

കറുത്ത കക്ക
മറ്റു സ്ഥലങ്ങളിലേക്ക് സഞ്ചരിച്ച് തുടങ്ങുന്നു

പേജ് 18

ചതുര കണ്ണി വലയുടെ
നിർമാണ പരിശീലനം

പേജ് 22

ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള
എംപിഇഡിഎ ശ്രമങ്ങൾ

ISSN 0245-7059

www.mpeda.gov.in

# ഉള്ളടക്കം

വാല്യം 01, ലക്കം 06 ജൂൺ 2018

**കവർ സ്റ്റോറി**



09 കറുത്ത കക്ക മറ്റു സ്ഥലങ്ങളിലേക്ക് സഞ്ചരിച്ച് തുടങ്ങുന്നു



03 സമുദ്രോൽപ്പന്ന കയറ്റുമതി ഒരു അവലോകനം



18 ചതുര കണ്ണി വലയുടെ നിർമാണ പരിശീലനം



22 ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള എംപിഇഡിഎ ശ്രമങ്ങൾ



12 സമുദ്ര മത്സ്യ വരവിന്റെ പ്രത്യേകതകൾ



21 ജലക്കൃഷി എൻറോൾമെന്റിനായുള്ള കർഷക സംഗമം



25 ബഹുവർഗ ശുദ്ധജലക്കൃഷി സമുച്ചയം തുറക്കാൻ എംപിഇഡിഎ

The views expressed in the scholarly articles of this publication are the views of the authors and do not constitute the views of MPEDA.
The responsibility for the accuracy of information in the scholarly articles of this publication is vested with the authors themselves and neither MPEDA nor the editorial board holds responsibility for the same.

MPEDA
ന്യൂസ്‌ലെറ്റർ
വാല്യം 01, ലക്കം 06 ജൂൺ 2018



**എഡിറ്റോറിയൽ ബോർഡ്**

**ശ്രീ. ടി. ഡോല ശങ്കർ ഐ.ഒ.എഫ്.എസ്**
ഡയറക്ടർ (എം)

**ശ്രീ. ബി. ശ്രീകുമാർ**
സെക്രട്ടറി

**ശ്രീ. പി. അനിൽ കുമാർ**
ജോയിന്റ് ഡയറക്ടർ (അക്വാ)

**ശ്രീ. കെ.വി. പ്രേമ്‌ദേവ്**
ഡെപ്യൂട്ടി ഡയറക്ടർ (എംപി)

**ഡോ. ടി.ആർ. ജിബിൻകുമാർ**
ഡെപ്യൂട്ടി ഡയറക്ടർ (എംപിഇഡിഎ രത്നഗിരി)

എഡിറ്റർ
**ഡോ. എം.കെ. റാം മോഹൻ**
ജോയിന്റ് ഡയറക്ടർ (എം)

അസി. എഡിറ്റർ
**ശ്രീമതി. കെ.എം. ദിവ്യ മോഹനൻ**
സീനിയർ ക്ലർക്ക്

എഡിറ്റോറിയൽ സപ്പോർട്ട്
**ബിവേൾഡ് കോർപോറേറ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**
166, ജവഹർ നഗർ, കടവന്ത്ര,
കൊച്ചി, കേരളം, ഇന്ത്യ 682 020
ഫോൺ : 0484 2206666, 2205544
www.bworld.in, life@bworld.in

ലേഔട്ട്
**റോബി അമ്പാടി**




**www.mpeda.gov.in**
**support@mpeda.gov.in**

അച്ചടിച്ച് പ്രസിദ്ധീകരിച്ചത്
ശ്രീ. ബി. ശ്രീകുമാർ, സെക്രട്ടറി
സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി
(വാണിജ്യ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ)
എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ
കൊച്ചി - 682 036, ഫോൺ: +91 484 2311979

പ്രസിദ്ധീകരിച്ചത്
എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ
കൊച്ചി - 682 036
അച്ചടിച്ചത്
പ്രിന്റ് എക്സ്പ്രസ്സ്
44/1469A, അശോക റോഡ്,
കലൂർ, കൊച്ചി - 682 017



**ഡോ. എ. ജയതിലക് ഐ.എ.എസ്.**
**ചെയർമാൻ**

പ്രിയ സുഹൃത്തുക്കളെ,

രാജ്യത്തിന്റെ സമുദ്രോൽപ്പന്ന കയറ്റുമതി ഉയരങ്ങൾ കീഴടക്കുകയാണ്. അളവിലും മൂല്യത്തിലും റെക്കോർഡ് സൃഷ്ടിച്ചാണീ മുന്നേറ്റം. 2017-18 വർഷം 13,77,244 മെട്രിക് ടൺ സമുദ്രോൽപ്പന്നമാണ് വിവിധ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചത്. അതിൽ നിന്ന് 708 കോടി യുഎസ് ഡോളർ (ഏകദേശം 50000 കോടി രൂപ) ലഭിച്ചു. ആഗോള സമുദ്രോൽപ്പന്ന മേഖലയിൽ നിന്നുള്ള വെല്ലുവിളികളെ നേരിട്ടാണ് ഈ ജൈത്രയാത്ര എന്നതും ശ്രദ്ധേയം തന്നെ. വിലയിലെ മത്സരം, മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ആധിക്യം, ചെമ്മീൻ വിലയിലെ ഗണ്യമായ കുറവ്, ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം സംബന്ധിച്ച യൂറോപ്യൻ യൂണിയൻ ഉയർത്തിയ പ്രശ്നങ്ങൾ തുടങ്ങിയ വെല്ലുവിളികൾക്കു മീതെയാണ് നേട്ടം കൈവരിച്ചത്. സമുദ്രോൽപ്പന്ന മേഖലയെ സമയബന്ധിതമായി കൈപിടിച്ച് നടത്താൻ എംപിഇഡിഎ എല്ലാ തലങ്ങളിലും ശ്രമിച്ചിട്ടുണ്ട്. കയറ്റുമതിയുടെ സ്ഥിതിവിവര കണക്കുകൾ ഉൾപ്പേജുകളിൽ ചേർത്തിട്ടുണ്ട്.

മത്സ്യോൽപ്പാദനത്തിലും രാജ്യം കാര്യമായ വളർച്ച നേടിയിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 2017 ൽ 5.6 ശതമാനത്തിന്റെ വളർച്ചയാണ് നേടിയിട്ടുള്ളത്. സിഎംഎഫ്ആർഐയുടെ കണക്കുകൾ അനുസരിച്ച് ഇന്ത്യൻ തീരത്ത് ലഭിച്ചത് 3.83 ദശലക്ഷം ടൺ മത്സ്യമാണ്.

വ്യാപാര മേഖലയിൽ, യുഎസ്എയിൽ നിന്നുള്ള ആർട്ടീമിയ സിസ്റ്റ് (ഒരു തരം ചെമ്മീൻ മുട്ടകൾ) ഇറക്കുമതിയിൽ 15 ശതമാനം ചുങ്കം ചുമത്താൻ തീരുമാനിച്ചിട്ടുണ്ട്. അത് 2018 ഓഗസ്റ്റ് 4 ന് നിലവിൽ വരും. ചെമ്മീൻ മുട്ടയുടെ വിലയും ഉൽപാദന ചെലവും വർധിക്കുമെന്നാണ് വിലയിരുത്തൽ.

കർഷകർക്കും ഹാച്ചറിക്കാർക്കും ഗുണകരമാകുന്ന കൊച്ചിയ്ക്ക് അടുത്തുള്ള വല്ലാർപാടം മൾട്ടി സ്പീഷീസ് അക്വാകൾച്ചർ കോംപ്ലെക്സ് വൈകാതെ തുറക്കും. ഏകദേശം എട്ടര ഏക്കർ സ്ഥലത്തിലാണ് ഈ സമുച്ചയം വ്യാപിച്ചു കിടക്കുന്നത്. കറുത്ത ചെമ്മീൻ, ഏഷ്യൻ കാളാഞ്ചി, പോംപാനോ, കോബിയ, തിലാപ്പിയ, ചെളിഞണ്ട് തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കപ്പെടും. വല്ലാർപാടം കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന ഏറ്റവും മികച്ച നിലവാരമുള്ള കറുത്ത ചെമ്മീൻ കുഞ്ഞുങ്ങൾ കർഷകരുടെ വരുമാന വർധനയ്ക്കു സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു. കേരളത്തിനു പുറമേ, അയൽ സംസ്ഥാനങ്ങളിലെ കർഷകർക്കും പ്രയോജനം ചെയ്യുമെന്നാണ് വിലയിരുത്തൽ.

എന്നാൽ, ആഭ്യന്തര വിപണിയിലെ മത്സ്യത്തിലും ചെമ്മീനിലും മായം ചേർക്കുന്നുവെന്ന വസ്തുത ആശങ്കയ്ക്ക് ഇടനൽകുന്നു. മത്സ്യത്തിന്റെ നിലവാരം മെച്ചപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും കയറ്റുമതിക്കാരുമായും കർഷകരുമായും എംപിഇഡിഎ ചർച്ച നടത്തുന്നുണ്ട്. കയറ്റുമതിക്കു പുറമേ, ആഭ്യന്തര വിപണിയിലെ മത്സ്യോൽപാദനത്തെയും മായം ചേർക്കൽ ബാധിക്കുമെന്ന മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

നന്ദി.

# സമുദ്രോൽപ്പന്ന കയറ്റുമതി ഒരു അവലോകനം

ഏകദേശം 708 കോടി യുഎസ് ഡോളർ (ഏകദേശം 50,000 കോടി രൂപ) വില വരുന്ന 13,77,244 മെട്രിക് ടൺ സമുദ്രോൽപന്നം ഇന്ത്യ കയറ്റുമതി ചെയ്തെന്നാണ് 2017-18 ലെ സാമ്പത്തിക രേഖകൾ വ്യക്തമാക്കുന്നത്. ഇന്ത്യൻ സമുദ്രോൽപന്നം ഏറ്റവും അധികം കയറ്റിയയച്ചത് യുഎസ്എയി ലേക്കും തെക്ക് കിഴക്കൻ ഏഷ്യയിലേക്കുമാണ്. മരവിപ്പിച്ച ചെമ്മീനാണ് ഏറ്റവും കൂടുതലായി കയറ്റുമതി ചെയ്തത്, തൊട്ടു പിന്നിൽ മരവിപ്പിച്ച മത്സ്യവും.

ഒന്നാം പട്ടികയിൽ കയറ്റുമതിയുടെ കണക്കുകളാണുള്ളത്.

**പട്ടിക 1. സമുദ്രോൽപന്ന കയറ്റുമതി 2017-18, 2016-17 ലെയും താരതമ്യം**

| കയറ്റുമതി വിവരങ്ങൾ | 2017-18 | 2016-17 | വളർച്ച % |
|---|---|---|---|
| അളവ് ടണ്ണിൽ | 13,77,244 | 11,34,948 | 21.35 |
| മൂല്യം കോടിയിൽ | 45,106.89 | 37,870.90 | 19.11 |
| യുഎസ് ഡോളർ മൂല്യം ദശലക്ഷത്തിൽ | 7,081.55 | 5,777.61 | 22.57 |
| കിലോഗ്രാം മൂല്യം ($/കിലോഗ്രാം) | 5.14 | 5.09 | 1.01 |

മത്സ്യോൽപന്ന കയറ്റുമതിയുടെ അടിസ്ഥാനത്തിൽ പ്രതികിലോ മത്സ്യത്തിന്റെ മൂല്യം വർധിച്ചിട്ടുണ്ട്. ഈ വർഷം ഒരു കിലോഗ്രാം മത്സ്യത്തിന് 5.14 യുഎസ് ഡോളർ ലഭിച്ചു. മുൻവർഷം ലഭിച്ചത് 5.09 യുഎസ് ഡോളറായിരുന്നു. മരവിപ്പിച്ച ചെമ്മീന്റെ പ്രതി കിലോഗ്രാം വിലയിൽ നേരിയ കുറവു നേരിട്ടിട്ടുണ്ട്. 0.01 യുഎസ് ഡോളറിന്റെ കുറവാണത്. (മത്സ്യ കയറ്റുമതിയിൽ 68.46% ചെമ്മീനാണ്).

**ഇനം തിരിച്ചുള്ള കയറ്റുമതി വിവരം**

**മരവിപ്പിച്ച ചെമ്മീൻ** അളവിലും മൂല്യത്തിലും കയറ്റുമതിയുടെ പ്രധാന ഇനമായി തുടർന്നു. അളവിൽ 41.10 ശതമാനവും മൊത്തം വരുമാനത്തിന്റെ 68.46 ശതമാനവും. ചെമ്മീൻ കയറ്റുമതി അളവിൽ 30.26 ശതമാനവും യുഎസ് ഡോളർ മൂല്യം 30.10 ശതമാനവും ഉയർന്നു.

2017-18 കാലയളവിൽ ചെമ്മീന്റെ മൊത്തം കയറ്റുമതി 5,65,980 മെട്രിക് ടൺ ആയിരുന്നു, ലഭിച്ചത് 4,848.19 ദശലക്ഷം യുഎസ് ഡോളർ. മരവിപ്പിച്ച ചെമ്മീനിന്റെ ഏറ്റവും വലിയ വിപണിയാണ് (2,25,946 മെട്രിക് ടൺ) യുഎസ്എ, തൊട്ടുപിന്നിൽ തെക്ക് കിഴക്ക് ഏഷ്യ (1,59,145 മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (78,426 മെട്രിക് ടൺ), ജപ്പാൻ (33,828 മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ (23,441 മെട്രിക് ടൺ), ചൈന (13,107 മെട്രിക് ടൺ) എന്നിങ്ങനെ യാണ് കണക്ക്. മറ്റു രാജ്യങ്ങളിലേക്ക് 32,087 മെട്രിക് ടൺ കയറ്റുമതി ചെയ്തു.

വനാമി ചെമ്മീന്റെ കയറ്റുമതി 2017-18ൽ 3,29,766 മെട്രിക് ടണ്ണിൽ നിന്ന് 4,02,374 മെട്രിക് ടണ്ണായി ഉയർന്നു. അളവിൽ 22.02 ശതമാനത്തിന്റെ വളർച്ച രേഖപ്പെടുത്തി. യുഎസ് ഡോളർ മൂല്യത്തിൽ 24.74 ശതമാനവും. വനാമി ചെമ്മീൻ കയറ്റുമതിയുടെ 52.84 ശതമാനം യുഎസ്എയിലേക്കും 21.03 ശതമാനം തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കും 11.31 ശതമാനം യൂറോപ്യൻ യൂണിയനിലേക്കും 4.67 ശതമാനം ജപ്പാനിലേക്കും 3.00 ശതമാനം മിഡിൽ ഈസ്റ്റി ലേക്കും 1.35 ശതമാനം ചൈനയിലേക്കും 5.80 ശതമാനം മറ്റ് രാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്തു. ബ്ലാക്ക് ടൈഗർ (കാര) ചെമ്മീനിന്റെ പ്രധാന വിപണിയാണ് ജപ്പാൻ. അവിടേക്ക് കയറ്റുമതി ചെയ്തത് 43.18 ശതമാനം. യുഎസ്എ (20.07 ശതമാനം), തെക്ക് കിഴക്കൻ ഏഷ്യ (17.38 ശതമാനം) എന്നിവയും പിന്നിലായി നിൽക്കുന്നു.

**മരവിപ്പിച്ച മത്സ്യം** രണ്ടാമത്തെ വലിയ കയറ്റുമതി ഇനമാണ്, ഇത് അളവിൽ 25.64 ശതമാനവും വരുമാനത്തിൽ 10.35 ശതമാനവുമാണ്. മരവിപ്പിച്ച മത്സ്യത്തിന്റെ കയറ്റുമതി യുഎസ് ഡോളർ കണക്കനുസരിച്ച് 9.03 ശതമാനം വളർച്ച നേടി. എന്നിരുന്നാലും, യൂണിറ്റ് മൂല്യം 2016-17ൽ 2.27 യുഎസ് ഡോളർ / കിലോഗ്രാമിൽ നിന്ന് 2017-18ൽ 8.39 ശതമാനം കുറഞ്ഞ് 2.08 യുഎസ് ഡോളർ / കിലോഗ്രാം ആയി കുറഞ്ഞു.

**മരവിപ്പിച്ച കൂന്തൽ** കയറ്റുമതി അളവിൽ 1.51 ശതമാനം വർധിച്ചു വെങ്കിലും യുഎസ് ഡോളർ കണക്കിൽ 4.79 ശതമാനം, രൂപ മൂല്യത്തിൽ 0.93 ശതമാനവും കുറഞ്ഞു. യൂണിറ്റ് മൂല്യം 2.40% കുറഞ്ഞതായും കണക്കുകൾ വെളിപ്പെടുത്തുന്നു.

**ശീതീകരിച്ച മത്സ്യ** ഇനങ്ങളുടെ കയറ്റുമതി അളവ്, രൂപ മൂല്യം, യുഎസ് ഡോളർ മൂല്യം എന്നിവ യഥാക്രമം 38.71%, 15.90%, 12.27% കുറഞ്ഞു.

**മരവിപ്പിച്ച കണവ** കയറ്റുമതിയിൽ 9.26% വളർച്ച രേഖപ്പെടുത്തി. രൂപ മൂല്യത്തിൽ 21.19%, യുഎസ് ഡോളർ മൂല്യം 26.35% വളർച്ച രേഖപ്പെടുത്തി. യൂണിറ്റ് മൂല്യം 15.64% മെച്ചപ്പെട്ടു.

**ഉണക്ക മത്സ്യ ഇനങ്ങളുടെ** വളർച്ച അളവിൽ 45.73 ശതമാനവും രൂപ മൂല്യത്തിൽ 19.57 ശതമാനവും രേഖപ്പെടുത്തി. എന്നാൽ, യുഎസ് ഡോളർ മൂല്യത്തിൽ 18.14 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. യൂണിറ്റ്

# വിപണന വാർത്തകൾ

**ചിത്രം 1. കയറ്റുമതി പ്രകടനം: 2017 – 18 (യുഎസ് ഡോളർ മൂല്യം)**




മൂല്യം നിരക്ക് 43.83 ശതമാനമായി.

**ജീവനുള്ള ഇനങ്ങളുടെ** കയറ്റുമതിയിൽ 4.93 ശതമാനത്തിന്റെ വർധന രേഖപ്പെടുത്തി. എന്നാൽ രൂപ മൂല്യത്തിലും ഡോളർ മൂല്യത്തിലും യഥാക്രമം 29.14 ശതമാനവും 25.63 ശതമാനവും കുറവ് രേഖപ്പെടുത്തി.

**മറ്റുള്ളവയിൽ**, 21.97 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത് രൂപ മൂല്യം, ഡോളർ മൂല്യം എന്നിവയിൽ യഥാക്രമം 30.32 ശതമാനവും 35.58 ശതമാനവും വളർച്ച രേഖപ്പെടുത്തി. യൂണിറ്റ് മൂല്യം 11.16 ശതമാനം വർധിച്ചു.

**പട്ടിക 2. ഇനം തിരിച്ചുള്ള കയറ്റുമതി, 2017 – 18 ൽ**

അളവ്: ടണ്ണിൽ, മൂല്യം: രൂപ മൂല്യം കോടിയിൽ, ഡോളർ: ഡോളർ മൂല്യം ദശലക്ഷത്തിൽ, പ്രതി കിലോഗ്രാം മൂല്യം യുഎസ് ഡോളറിൽ

| ഇനം | | പങ്ക് % | 2017 – 18 | 2016 – 17 | വളർച്ച % |
|---|---|---|---|---|---|
| മരവിപ്പിച്ച ചെമ്മീൻ | Q: | 41.10 | 5,65,980 | 4,34,486 | 30.26 |
| | V: | 68.43 | 30,868.17 | 24,711.32 | 24.92 |
| | $: | 68.46 | 4,848.19 | 3,726.38 | 30.10 |
| | UV$: | | 8.57 | 8.58 | -0.12 |
| മരവിപ്പിച്ച മത്സ്യം | Q: | 25.64 | 3,53,192 | 2,96,762 | 19.02 |
| | V: | 10.36 | 4,674.03 | 4,460.90 | 4.78 |
| | $: | 10.35 | 733.17 | 672.47 | 9.03 |
| | UV$: | | 2.08 | 2.27 | -8.39 |
| മരവിപ്പിച്ച കണവ | Q: | 5.02 | 69,183 | 63,320 | 9.26 |
| | V: | 5.22 | 2,356.46 | 1,944.50 | 21.19 |
| | $: | 5.22 | 369.88 | 292.73 | 26.35 |
| | UV$: | | 5.35 | 4.62 | 15.64 |
| മരവിപ്പിച്ച കൂന്തൽ | Q: | 7.32 | 1,00,845 | 99,348 | 1.51 |
| | V: | 5.44 | 2,451.87 | 2,575.29 | -4.79 |
| | $: | 5.44 | 385.01 | 388.64 | -0.93 |
| | UV$: | | 3.82 | 3.91 | -2.40 |

| | | | | | |
|---|---|---|---|---|---|
| ഉണക്ക മത്സ്യം | Q: | 6.46 | 88,997 | 61,071 | 45.73 |
| | V: | 2.31 | 1,042.37 | 871.74 | 19.57 |
| | $: | 2.31 | 163.53 | 199.77 | -18.14 |
| | UV$: | | 1.84 | 3.27 | -43.83 |
| ജീവനുള്ളവ | Q: | 0.51 | 7,034 | 6,703 | 4.93 |
| | V: | 0.63 | 286.11 | 403.75 | -29.14 |
| | $: | 0.64 | 45.41 | 61.05 | -25.63 |
| | UV$: | | 6.46 | 9.11 | -29.12 |
| മരവിപ്പിച്ച മത്സ്യം | Q: | 1.42 | 19,501 | 31,815 | -38.71 |
| | V: | 1.44 | 647.41 | 769.81 | -15.90 |
| | $: | 1.44 | 101.78 | 116.02 | -12.27 |
| | UV$: | | 5.22 | 3.65 | 43.13 |
| മറ്റുള്ളവ | Q: | 12.53 | 1,72,512 | 1,41,442 | 21.97 |
| | V: | 6.16 | 2,780.48 | 2,133.59 | 30.32 |
| | $: | 6.14 | 434.58 | 320.54 | 35.58 |
| | UV$: | | 2.52 | 2.27 | 11.16 |
| ആകെ | Q: | 100.00 | 13,77,244 | 11,34,948 | 21.35 |
| | V: | 100.00 | 45,106.89 | 37,870.90 | 19.11 |
| | $: | 100.00 | 7,081.55 | 5,777.61 | 22.57 |
| | UV$: | | 5.14 | 5.09 | 1.01 |

**ചിത്രം 2. ആകെയുള്ള കയറ്റുമതി മൂല്യത്തിൽ ഇനം തിരിച്ചുള്ള പങ്ക് (യുഎസ് ഡോളറിൽ)**




**ചിത്രം 3. ആകെയുള്ള കയറ്റുമതി മൂല്യത്തിൽ ഇനം തിരിച്ചുള്ള പങ്ക് (അളവ്)**



### വിപണി തിരിച്ചുള്ള കയറ്റുമതി

യുഎസ് ഡോളർ മൂല്യം 32.76 ശതമാനം ഇറക്കുമതി ചെയ്ത യുഎസ്എ ഇന്ത്യൻ സമുദ്രോത്പന്നത്തിന്റെ പ്രധാന ഇറക്കുമതിക്കാരായി തുടർന്നു. 2017-18 കാലയളവിൽ യുഎസ്എ 2,47,780 മെട്രിക് ടൺ സമുദ്ര ഉൽപന്നങ്ങൾ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്തു. യുഎസ്എയിലേക്കുള്ള കയറ്റുമതി യഥാക്രമം അളവ്, രൂപ, യുഎസ്ഡി മൂല്യം എന്നിവയിൽ 31.37 ശതമാനം, 28.63 ശതമാനം, 33.97 ശതമാനം വളർച്ച രേഖപ്പെടുത്തി. യുഎസ്എയിലേക്കുള്ള കയറ്റുമതിയുടെ പ്രധാന ഇനമായി മരവിപ്പിച്ച ചെമ്മീൻ തുടർന്നു, യുഎസ് ഡോളർ മൂല്യത്തിൽ 95.03 ശതമാനം. യുഎസ്എയിലേക്കുള്ള വനാമി ചെമ്മീന്റെ കയറ്റുമതി അളവിൽ 31.93 ശതമാനവും യുഎസ് ഡോളർ കണക്കിൽ 33.03 ശതമാനവും വർദ്ധിച്ചു. യുഎസ്എയിലേക്കുള്ള കാര ചെമ്മീൻ കയറ്റുമതി അളവിൽ 12.73 ശതമാനവും യുഎസ് ഡോളർ മൂല്യത്തിൽ 18.37 ശതമാനവും കുറഞ്ഞു.

ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളുടെ രണ്ടാമത്തെ വലിയ വിപണിയായി തെക്ക് കിഴക്കൻ ഏഷ്യ തുടരുന്നു. യൂറോപ്യൻ യൂണിയൻ (15.77%), ജപ്പാൻ (6.29%), മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ (4.10%), ചൈന (3.21%) മറ്റ് രാജ്യങ്ങൾ (6.28%) എന്നിങ്ങനെയാണ് കണക്ക്. തെക്ക് കിഴക്കൻ ഏഷ്യയിലേക്കുള്ള മൊത്തം കയറ്റുമതിയുടെ അളവ് 24.33 ശതമാനവും രൂപയുടെ മൂല്യം 27.20 ശതമാനവും യുഎസ് ഡോളർ വരുമാനത്തിൽ 29.45 ശതമാനവും വർധിച്ചു.

ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളുടെ തെക്ക് കിഴക്കൻ ഏഷ്യൻ വിപണിയിൽ യുഎസ് ഡോളർ മൂല്യത്തിൽ 79.29 ശതമാനം വിഹിതമുള്ള വിയറ്റ്നാമാണ്. തൊട്ടുപിന്നിൽ തായ്‌ലൻഡ് (11.63 ശതമാനം), തായ്‌വാൻ (3.12 ശതമാനം), മലേഷ്യ (2.57 ശതമാനം), സിംഗപ്പൂർ (1.68 ശതമാനം), ദക്ഷിണ കൊറിയ (1.51 ശതമാനം). മറ്റ് രാജ്യങ്ങൾ 0.20 ശതമാനം കയറ്റുമതി ചെയ്യുന്നു. ഇവയിൽ വിയറ്റ്നാം മാത്രം 4,13,518 മെട്രിക് ടൺ ഇന്ത്യൻ സമുദ്രവിഭവങ്ങൾ ഇറക്കുമതി ചെയ്തു; യുഎസ്, ജപ്പാൻ, ചൈന തുടങ്ങിയ മറ്റേതൊരു വ്യക്തിഗത വിപണികളേക്കാളും ഈ അളവ് വളരെ കൂടുതലാണ്.

ഇന്ത്യൻ സമുദ്രവിഭവങ്ങളുടെ മൂന്നാമത്തെ വലിയ വിപണിയായി യൂറോപ്യൻ യൂണിയൻ തുടരുന്നു, അളവിൽ 13.82 ശതമാനം. മരവിപ്പിച്ച ചെമ്മീൻ യൂറോപ്യൻ യൂണിയനിലേക്കുള്ള കയറ്റുമതിയുടെ പ്രധാന ഇനമായും തുടരുന്നു. അളവിൽ 41.21 ശതമാനവും യുഎസ് ഡോളറിന്റെ വരുമാനത്തിൽ 54.05 ശതമാനവും. മരവിപ്പിച്ച ചെമ്മീന്റെ കയറ്റുമതി അളവിൽ 5.38 ശതമാനം വർദ്ധിച്ചു; 1.62 ശതമാനം രൂപ മൂല്യം, 1.19 ശതമാനം യുഎസ് ഡോളർ മൂല്യം.

ഇന്ത്യൻ സമുദ്രവിഭവങ്ങളുടെ നാലാമത്തെ വലിയ ലക്ഷ്യസ്ഥാനമാണ് 6.22 ശതമാനം വിഹിതമുള്ള ജപ്പാൻ. യുഎസ് ഡോളർ മൂല്യം വരുമാനം 6.29%. ജപ്പാനിലേക്കുള്ള കയറ്റുമതി അളവിൽ 24.06 ശതമാനവും രൂപ മൂല്യത്തിൽ 8.58 ശതമാനവും യുഎസ് ഡോളറിന്റെ അടിസ്ഥാനത്തിൽ 12.87 ശതമാനവും വർദ്ധിച്ചു. മരവിപ്പിച്ച ചെമ്മീൻ ജപ്പാനിലേക്കുള്ള കയറ്റുമതിയുടെ പ്രധാന ഇനമായി തുടർന്നു. അളവിൽ 39.50%. മരവിപ്പിച്ച ചെമ്മീന്റെ കയറ്റുമതി അളവിൽ 8.13 ശതമാനവും യുഎസ്ഡി മൂല്യത്തിൽ 9.63 ശതമാനവും വർദ്ധിച്ചു. ഈ വർഷം ജപ്പാനിലേക്കുള്ള കാര ചെമ്മീൻ കയറ്റുമതി 5,842 മെട്രിക് ടണ്ണിൽ നിന്ന് 5,032 മെട്രിക് ടണ്ണായി കുറഞ്ഞു. 13.87 ശതമാനം കുറവുണ്ടായി. എന്നിരുന്നാലും, യൂണിറ്റ് മൂല്യം 2016-17ൽ 12.40 യുഎസ്ഡിയിൽ നിന്ന് 2017-18ൽ 13.72 യുഎസ് ഡോളറായി ഉയർന്നു, 10.65 ശതമാനം വർധന. ഉൽപാദനം കുറയുന്നതുമൂലം കാര ചെമ്മീൻ വിതരണം കുറയുന്നതു കൊണ്ടാണ് ആവശ്യക്കാർ കൂടുന്നത്. വളർത്ത് ചെമ്മീന്റെ കയറ്റുമതി അളവിൽ 28.62 ശതമാനവും യുഎസ് ഡോളർ മൂല്യത്തിൽ 28.48 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ചൈനയിലേക്കുള്ള കയറ്റുമതിയിൽ 9.37 ശതമാനം വളർച്ച രേഖപ്പെടുത്തി. യുഎസ് ഡോളർ മൂല്യത്തിൽ വളർച്ച 12.47 ശതമാനമാണ്. രൂപ മൂല്യത്തിൽ 7.91 ശതമാനത്തിന്റെ വളർച്ചയാണുള്ളത്. വനാമി ചെമ്മീന്റെ കയറ്റുമതിയിലും വർധനയുണ്ട്. അളവിൽ 22.43 ശതമാനവും രൂപ മൂല്യത്തിൽ 19.09 ശതമാനവും യുഎസ് ഡോളർ മൂല്യത്തിൽ 24.04 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ഗൾഫ് രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിൽ ഗുണകരമായ വളർച്ചയാണ് രേഖപ്പെടുത്തിയത്. അളവിൽ 17.45 ശതമാനവും രൂപ മൂല്യത്തിൽ 1.01 ശതമാനവും യുഎസ് ഡോളർ മൂല്യത്തിൽ 5.26 ശതമാനവും വളർച്ച രേഖപ്പെടുത്തി. മുൻ വർഷത്തെ അപേക്ഷിച്ച് മറ്റു രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിലും വളർച്ചയുണ്ട്. അളവ്, രൂപ മൂല്യം, യുഎസ് ഡോളർ മൂല്യം യഥാക്രമം 19.81%, 26.18%, 9.39% എന്നിങ്ങനെയാണ്.

വിവിധ വിപണികളിലേക്കുള്ള ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതിയുടെ വിവരങ്ങളാണ് മൂന്നാം പട്ടികയിൽ നൽകിയിരിക്കുന്നത്.

**പട്ടിക 3. വിപണി തിരിച്ചുള്ള കയറ്റുമതി കണക്ക് 2017-18**

ക്യൂ: അളവ് ടണ്ണിൽ, വി: മൂല്യം കോടി രൂപയിൽ, $: മൂല്യം മില്യൺ യുഎസ് ഡോളറിൽ

| വിപണി | പങ്ക് % | | 2017-2018 | 2016-17 | വളർച്ച % |
|---|---|---|---|---|---|
| ജപ്പാൻ | 6.22 | Q: | 85,651 | 69,039 | 24.06 |
| | 6.31 | V: | 2,846.30 | 2,621.37 | 8.58 |
| | 6.29 | $: | 445.27 | 394.50 | 12.87 |
| യുഎസ്എ | 17.99 | Q: | 2,47,780 | 1,88,617 | 31.37 |

| | | | | | |
|---|---|---|---|---|---|
| യുഎസ്എ | 32.74 | V: | 14,769.83 | 11,482.16 | 28.63 |
| | 32.76 | $: | 2,320.05 | 1,731.81 | 33.97 |
| യൂറോപ്യൻ യൂണിയൻ | 13.82 | Q: | 1,90,314 | 1,89,833 | 0.25 |
| | 15.78 | V: | 7,115.96 | 6,892.19 | 3.25 |
| | 15.77 | $: | 1,116.74 | 1,038.59 | 7.52 |
| ചൈന | 3.61 | Q: | 49,701 | 45,443 | 9.37 |
| | 3.21 | V: | 1,448.03 | 1,341.94 | 7.91 |
| | 3.21 | $: | 227.39 | 202.19 | 12.47 |
| തെക്ക് കിഴക്കൻ ഏഷ്യ | 44.78 | Q: | 6,16,707 | 4,84,819 | 27.20 |
| | 31.59 | V: | 14,250.26 | 11,461.83 | 24.33 |
| | 31.59 | $: | 2,237.07 | 1,728.19 | 29.45 |
| മധ്യേഷ്യ | 4.52 | Q: | 62,220 | 52,973 | 17.46 |
| | 4.10 | V: | 1,849.10 | 1,830.58 | 1.01 |
| | 4.10 | $: | 290.46 | 275.93 | 5.26 |
| മറ്റുള്ളവർ | 9.07 | Q: | 1,24,871 | 1,04,224 | 19.81 |
| | 6.27 | V: | 2,827.40 | 2,240.83 | 26.18 |
| | 6.28 | $: | 444.57 | 406.40 | 9.39 |
| ആകെ | 100.00 | Q: | 13,77,244 | 11,34,948 | 21.35 |
| | 100.00 | V: | 45,106.89 | 37,870.90 | 19.11 |
| | 100.00 | $: | 7,081.55 | 5,777.61 | 22.57 |

**ചിത്രം 4. വിപണി തിരിച്ചുള്ള കയറ്റുമതി (യുഎസ് ഡോളറിൽ)**




**ചിത്രം 5. വിപണി തിരിച്ചുള്ള കയറ്റുമതി (അളവ്)**



### തുറമുഖം തിരിച്ചുള്ള കണക്കുകൾ

ഇന്ത്യയിലെ 31 കേന്ദ്രങ്ങൾ (കടൽ, വ്യോമം, കര) വഴിയാണ് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. വിശാഖപട്ടണം, കൊച്ചി, കൊൽക്കത്ത, പിപാവാവ്, കൃഷ്ണപട്ടണം, ജെഎൻപി തുടങ്ങിയവയാണ് പ്രധാന കയറ്റുമതി തുറമുഖങ്ങൾ. എല്ലാ തുറമുഖങ്ങളിൽ നിന്നുള്ള കയറ്റുമതിയും വർധിച്ചിട്ടുണ്ട്. എന്നാൽ, കൊൽക്കത്ത തുറമുഖത്തിൽ നിന്നുള്ള കയറ്റുമതിയിൽ നേരിയ കുറവുണ്ട്. തുറമുഖം തിരിച്ചുള്ള കയറ്റുമതിയുടെ കണക്കുകളാണ് നാലാം പട്ടികയിൽ ചേർത്തിരിക്കുന്നത്.

**പട്ടിക 4. തുറമുഖം തിരിച്ചുള്ള കയറ്റുമതി 2017–18**

ക്യൂ: അളവ് ടണ്ണിൽ, വി: മൂല്യം കോടി രൂപയിൽ, $: മൂല്യം മില്യൺ യുഎസ് ഡോളറിൽ

| തുറമുഖം | | പങ്ക് % | 2017-18 | 2016-17 | വളർച്ച % |
|---|---|---|---|---|---|
| വിശാഖപട്ടണം | Q: | 14.58 | 200779 | 159973 | 25.51 |
| | V: | 25.37 | 11,442.39 | 9,294.31 | 23.11 |
| | $: | 25.38 | 1,797.08 | 1,401.94 | 28.18 |
| കൊച്ചി | Q: | 12.79 | 176090 | 155989 | 12.89 |
| | V: | 12.87 | 5,805.11 | 4,860.98 | 19.42 |
| | $: | 12.87 | 911.71 | 733.24 | 24.34 |
| കൊൽക്കത്ത | Q: | 7.18 | 98861 | 104691 | 5.57 |
| | V: | 10.81 | 4,875.58 | 4,455.19 | 9.44 |
| | $: | 10.81 | 765.65 | 705.35 | 8.55 |
| പിപവാവ് | Q: | 22.23 | 306181 | 232391 | 31.75 |
| | V: | 10.81 | 4,876.20 | 4,217.45 | 15.62 |
| | $: | 10.74 | 760.84 | 629.56 | 20.85 |
| കൃഷ്ണപട്ടണം | Q: | 6.27 | 86420 | 62049 | 39.28 |
| | V: | 10.58 | 4,773.83 | 3,701.63 | 28.97 |
| | $: | 10.59 | 749.65 | 557.87 | 34.38 |
| ജെഎൻപി | Q: | 12.91 | 177752 | 149914 | 18.57 |
| | V: | 10.42 | 4,699.10 | 4,084.96 | 15.03 |
| | $: | 10.45 | 740.10 | 615.93 | 20.16 |
| തൂത്തുകുടി | Q: | 3.75 | 51684 | 42026 | 22.98 |
| | V: | 5.89 | 2,654.96 | 2,220.52 | 19.56 |
| | $: | 5.89 | 417.09 | 334.77 | 24.59 |
| ചെന്നൈ | Q: | 3.52 | 48442 | 37305 | 29.85 |
| | V: | 4.55 | 2,052.46 | 1,693.87 | 21.17 |
| | $: | 4.56 | 322.88 | 255.50 | 26.37 |
| മംഗളൂരു/ഐസിഡി | Q: | 10.47 | 144235 | 126405 | 14.11 |
| | V: | 3.98 | 1,793.41 | 1,584.08 | 13.21 |
| | $: | 3.98 | 281.54 | 278.45 | 1.11 |
| മറ്റുള്ളവ | Q: | 6.30 | 86,798.21 | 64,207.52 | 35.18 |
| | V: | 4.73 | 2,133.84 | 1,757.96 | 21.38 |
| | $: | 4.73 | 335.01 | 265.01 | 26.41 |
| ആകെ | Q: | 100.00 | 1377244 | 1134949 | 21.35 |
| | V: | 100.00 | 45,106.89 | 37,870.93 | 19.11 |
| | $: | 100.00 | 7,081.54 | 5,777.62 | 22.57 |

# കറുത്ത കക്ക മറ്റു സ്ഥലങ്ങളിലേക്ക് സഞ്ചരിച്ച് തുടങ്ങുന്നു

**നികിത ഗോപാൽ, ജെ.പി. ജെയിംസ്, കെ.എച്ച്. ശ്രീദേവി, ജെ. ബിന്ദു, എസ്. ശ്രീജിത്**

*ഐസിഎആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി*
*മത്സ്യപുരി പി.ഒ., വിലിങ്ടൺ ഐലൻഡ്, കൊച്ചി - 682029*

കക്ക, ചിപ്പി, കടുക്ക (കല്ലുമ്മക്കായ) എന്നിവ കവചമുള്ള മോളസ്കുകളാണ്, അവ കടൽത്തീരത്ത് കാണപ്പെടുന്ന പ്രതലങ്ങളിൽ പറ്റിപ്പിടിച്ചു ജീവിക്കുന്നു.. ജീവിതകാലത്ത് അവ വളരെ കുറച്ച് മാത്രമേ നീങ്ങുന്നുള്ളൂ, പക്ഷേ അവയ്ക്ക് നിരവധി ജീവിതങ്ങളുടെ ഭാഗ്യം മാറ്റാൻ കഴിയും. പല മത്സ്യബന്ധന സമൂഹങ്ങളും ഈ ജീവജാലങ്ങളെ ഉപജീവനമാർഗമായി നിലനിർത്തുന്നു.

രാജ്യത്തെ മൊത്തം കവചവർഗ മത്സ്യ ഉൽപാദനത്തിന്റെ 72.9% കക്ക സംഭാവന ചെയ്യുന്നു. 2016 ൽ രാജ്യത്ത് നിന്ന് റിപ്പോർട്ട് ചെയ്ത മൊത്തം കക്ക ഉത്പാദനം 64,105 മെട്രിക് ടൺ ആണ് (സിഎംഎഫ്ആർഐ, 2016). ഇന്ത്യയിലെ 73.8% കക്കയിലും കറുത്ത കക്കയാണ് കൂടുതൽ. അതിന്റെ ശാസ്ത്രീയ നാമം വില്ലോറിറ്റ സൈപ്രിനോയിഡ്സ്. ഇതിൽ, കേരളത്തിലെ വേമ്പനാട് കായൽ 2016 ൽ (സിഎംഎഫ്ആർഐ, 2016) 81.7 ശതമാനം മത്സ്യബന്ധനത്തിന് സംഭാവന നൽകി. കേരള തടാകങ്ങളിൽ നിന്നും കായലുകളിൽ നിന്നും പിടിക്കുന്ന മറ്റ് പ്രധാന കക്ക ഇനങ്ങളിൽ ഷോർട്ട് നെക്ക് ക്ലാം (പഫിയ മലബാറിക്ക), മഞ്ഞ കക്ക (മെറെട്രിക്സ് കാസ്റ്റ) എന്നിവ ഉൾപ്പെടുന്നു.

### കക്ക വിപണനം ഇന്ന്

2016-17 കാലയളവിൽ ഇന്ത്യ 10.67 ലക്ഷം രൂപ വിലമതിക്കുന്ന 721.88 ടൺ മഞ്ഞ കക്ക കയറ്റുമതി ചെയ്തു (എംപിഡിഎ, പേഴ്സണൽ കമ്മ്യൂണിക്കേഷൻ, 2018). ജപ്പാനിലെയും തായ്ലൻഡിലെയും അന്താരാഷ്ട്ര വിപണികളിൽ എത്തിയ മഞ്ഞ കക്കയിൽ ഭൂരിഭാഗവും കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ഏതാനും പ്രോസസ്സിംഗ് പ്ലാന്റുകളിൽ നിന്നുള്ളതാണ്. കയറ്റുമതി രംഗത്ത് സാധ്യതയുണ്ടായിട്ടും വരവ് അധികമാണെങ്കിലും കറുത്ത കക്ക സമാനമായ സ്വാധീനം ചെലുത്തിയില്ല (ചിത്രം 1). കൊല്ലത്തെ ഒരു പ്രോസസ്സിംഗ് പ്ലാന്റിൽ നിന്ന് 1.3 മെട്രിക് ടൺ അളവിൽ കറുത്ത കക്ക തായ്ലൻഡിലേക്ക് കയറ്റുമതി ചെയ്തതായി 2016 ൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. കൊല്ലം, എറണാകുളം എന്നിവിടങ്ങളിലെ ഏതാനും പ്രോസസ്സിംഗ് പ്ലാന്റുകൾ കറുത്ത കക്കയിറച്ചി സംസ്കരിച്ച് ബ്ലോക്ക് ഫ്രോസൺ രൂപത്തിൽ കയറ്റുമതി ചെയ്യുന്നുണ്ട്.






*ചിത്രം 1. വരവും കയറ്റുമതിയും തമ്മിലുള്ള താരതമ്യം, 2011 മുതൽ 2017 വരെ*

*വിവരത്തിന് കടപ്പാട്: എംപിഇഡിഎ, ഐസിഎആർ - സിഎംഎഫ്ആർഐ പ്രസിദ്ധീകരണങ്ങൾ*

ചൈന, കൊറിയ, യൂറോപ്പ്, യുഎസ്എ തുടങ്ങിയ രാജ്യങ്ങളാണ് കക്കയുടെ അന്താരാഷ്ട്ര വിപണികൾ. ആഭ്യന്തര വിപണിയുടെ ആവശ്യം കണക്കിലെടുത്ത് സ്വന്തം നിലയിൽ കക്ക കൃഷി ചൈന നടത്തുന്നുണ്ട് (ലോകാരോഗ്യ സംഘടന, 2010). പല രാജ്യങ്ങൾക്കും കവച വർഗ ജീവികളുടെ നിലവാരം നിലനിർത്തുന്നതിന് നിയന്ത്രണ മാനദണ്ഡങ്ങളുണ്ട്, ഈ രാജ്യങ്ങളിലെ പ്രോസസ്സിംഗ് യൂണിറ്റുകൾ ഈ മാനദണ്ഡങ്ങൾ പാലിക്കുന്നു. ഇന്ത്യയ്ക്ക് ഇതുവരെ കവച വർഗ വിപണി പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല പ്രധാനമായും ചെമ്മീൻ, സെഫലോപോഡ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊന്നുമില്ല. മിക്ക വികസ്വര രാജ്യങ്ങളിലും കവച വർഗ ജീവി കൃഷി ആരംഭിച്ചിട്ടില്ല. പ്രാദേശിക തലത്തിൽ ചില സ്ഥാപനങ്ങളുടെ പിന്തുണയോടെ കൃഷി ചെയ്യുന്നുണ്ട് (മുഹമ്മദ് മറ്റുള്ളവർ. 2016).

കക്ക സാധാരണയായി സ്വാഭാവിക ജലത്തിൽ നിന്ന് വിളവെടുക്കുകയും പ്രാദേശികമായി ഉപയോഗിക്കുകയും ചെയ്യുന്നു. 100 ഗ്രാം മാംസത്തിന് 230 ഇ കോളി എന്ന സ്വീകാര്യമായ പരിധിക്ക് മുകളിലായിരിക്കരുത് കക്ക ഇറച്ചിയിലെ കോളിഫോം (https://www.eicindia.gov.in/...accessed 8 May 2018). കക്ക മാംസത്തിലെ ഇ.കോളി എണ്ണം ഈ പരിധി കവിയുന്നുവെങ്കിൽ അത് യൂറോപ്യൻ യൂണിയൻ മാനദണ്ഡങ്ങൾക്കനുസരിച്ച് താപ സംസ്കരണത്തിന് വിധേയമാക്കണം (WHO, 2010). തടാകങ്ങളിൽ നിന്നും കക്ക വിളവെടുക്കുന്നതിനാൽ, സ്രോതസ്സുകളിലെ വെള്ളത്തിന്റെ മലിനീകരണം പരിശോധിക്കുന്നതിനുള്ള സൗകര്യം പരിമിതമാണ്. വെള്ളത്തിന്റെ ഒഴുക്ക് മുറിയുന്നത് മലിനീകരണ സാധ്യത വർധിപ്പിക്കുന്നു, വിഷാംശം വർധിക്കുന്നു. വിളവെടുക്കുന്ന കാലത്തേക്ക് മലിന ജലത്തിന്റെ ഒഴുക്ക് തടയുക, സംസ്ക്കരണത്തിനു മുൻപായുള്ള ശുദ്ധീകരണം, വിളവെടുപ്പ് മുതൽ അന്തിമ ചരക്ക് രൂപപ്പെടുത്തി എടുക്കുന്നതു വരെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന അവബോധം സൃഷ്ടിക്കൽ തുടങ്ങിയവയാണ് ഇതിനെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ (ലോകാരോഗ്യ സംഘടന 2010)

കേരളത്തിൽ ലഭിക്കുന്ന കറുത്ത കക്ക (വില്ലോറിറ്റ സൈപ്രിനോയിഡ്സ്) മാംസം പ്രധാനമായും ആഭ്യന്തരമായി വിപണനം ചെയ്യുന്നു. ഇവിടെ സംസ്കരിച്ച കക്കയിൽ ഭൂരിഭാഗവും ഗ്രാമങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. കൂടുതലും അഷ്ടമുടി, വേമ്പനാട് തീര ഗ്രാമങ്ങളിൽ നിന്നും. ഇവ അടുത്തുള്ള മൊത്ത, അല്ലെങ്കിൽ ചില്ലറ വിപണികളിൽ മത്സ്യത്തൊഴിലാളികൾ വിൽക്കുന്നു. മത്സ്യത്തൊഴിലാളികൾ തിളപ്പിച്ച് സ്വമേധയാ കുലുക്കിയാണ് കക്ക സംസ്കരിക്കുന്നത്. സംസ്കരണം ഒരു ഗാർഹിക പ്രവർത്തനമാണ് (ഗോപാൽ മറ്റുള്ളവരും., 2014). നിലവിൽ വിളവെടുത്ത കക്കകൾ അലുമിനിയം പാത്രങ്ങളിൽ തിളപ്പിച്ച് ഇരുമ്പ് അരിപ്പ ഉപയോഗിച്ച് മാംസം വേർതിരിക്കുന്നു. ഇറച്ചി വിപണനം ചെയ്യുന്ന ഏകദേശം എട്ടു മണിക്കൂർ സമയം കക്ക അലുമിനിയം പാത്രങ്ങളിൽ സൂക്ഷിക്കുകയാണ്.

കക്ക സംസ്കരണവുമായി ബന്ധപ്പെട്ടു നിൽക്കുന്നവരിൽ ഭൂരിഭാഗത്തിനും ശ്വാസകോശ രോഗം ഉണ്ട്. പുക കൂടുതലായി ശ്വസിക്കുന്നതാണ് പ്രധാന കാരണം. കക്ക വാരുന്ന പ്രവർത്തനങ്ങളും ഇവരെ രോഗികളാക്കുന്നു. ഉൽപാദന ക്ഷമമായ ഉൽപാദന രീതി ഈ മേഖലകളിൽ പ്രയോഗിക്കുന്നില്ല. ഇറച്ചി എടുത്തതിനു ശേഷമുള്ള കക്കകൾ ചുണ്ണാമ്പ് വ്യവസായത്തിന് ഉപകരിക്കുന്നു.

കക്ക ഇറച്ചി ആഭ്യന്തരമായി വിപണനം ചെയ്താലും അയൽ സംസ്ഥാനങ്ങളിലേക്കും ഉൽപ്പന്നം കയറ്റി അയയ്ക്കാറുണ്ട്. 2015 മുതൽ കർണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലാണ് വിപണികൾ തുറന്നു കിട്ടിയിരിക്കുന്നത്. മെച്ചപ്പെട്ട വിലയും ഈ വിപണികളിൽ നിന്നു ലഭിക്കുന്നു (സിഎംഎഫ്ആർഐ, 2016). കേരളത്തിൽ സഹകരണ സംഘങ്ങളിലൂടെ കക്ക വിപണനം നടത്താറുണ്ട് (സുജ, മുഹമ്മദ് 2011).

### ഐസിഎആർ – സിഐഎഫ്ടി ഇടപെടൽ

കക്ക ഇറച്ചിയുടെ നിലവാരത്തെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കലാണ് പ്രധാന ലക്ഷ്യം. നിലവാരം നിലനിർത്താനുള്ള ശ്രമങ്ങളും നടത്തും. സ്വീകാര്യമായ നിലവാരത്തിലാണ് ഉൽപ്പന്നമെങ്കിൽ അനന്ത സാധ്യതകളാണ് കർഷകരെ തേടിയെത്തിയിരിക്കുന്നത്. സംസ്കരണത്തിലും പാക്കിങ്ങിലും വൃത്തി സൂക്ഷിക്കുന്നതിനെ കുറിച്ചും കർഷകരെ ബോധവൽക്കരിക്കണം.

വേമ്പനാട് തടാകത്തിൽ എട്ട് മത്സ്യബന്ധന ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾ കക്ക വാരൽ, സംസ്കരണം, കക്ക വിഭവങ്ങളുടെ വിപണനം എന്നിവയിൽ സജീവമായി ഏർപ്പെടുന്നു. പെരുമ്പളം അത്തരമൊരു ഗ്രാമമാണ് - വേമ്പനാട് തടാകത്തിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപ്. 250 ഓളം കുടുംബങ്ങൾ പെരുമ്പളം ദ്വീപിൽ കക്ക കൃഷിയിൽ ഏർപ്പെടുന്നു (ഗോപാൽ മറ്റുള്ളവർ, 2014), അതിനാൽ കൊച്ചിയിലെ ഐസിഎആർ - സിഐഎഫ്ടി ഒരു പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലമായി ഇത് തിരിച്ചറിഞ്ഞു. വിളവെടുത്ത കക്ക ശുചിത്വപരമായി സംസ്കരിക്കാനുള്ള സൗകര്യം കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ (സയൻസ് ഫോർ ഇക്വിറ്റി എംപവർമെന്റ് ആന്റ് ഡവലപ്മെന്റ് (സീഡ്) പ്രോഗ്രാം) ധനസഹായത്തോടെ നടപ്പാക്കിയത്. ഉചിതമായ പെരുമാറ്റച്ചട്ടങ്ങളും, സാങ്കേതിക

നിവേശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തു, അതിൽ കക്ക മാംസം ശുദ്ധീകരിക്കുന്നതിനും, സംസ്കരണവും പാക്കേജിംഗും ഉൾപ്പെടെയുള്ള വിളവെടുപ്പിനു ശേഷമുള്ള സാങ്കേതികവിദ്യയുടെ ക്രമവൽക്കരണവും ഉൾപ്പെടുന്നു.

### മത്സ്യത്തൊഴിലാളി ക്ലസ്റ്റർ

പെരുമ്പളം ഗ്രാമത്തിലെ കക്ക വാരുന്നവരെ (സ്ത്രീകളെയും പുരുഷന്മാരെയും) ക്ലസ്റ്ററുകളായി തിരിച്ച് ക്ലസ്റ്റർ അംഗങ്ങളെ ശുചിത്വപരമായി കൈകാര്യം ചെയ്യുന്ന രീതികൾ, ശാസ്ത്രീയ രീതിയിൽ സംസ്ക്കരിക്കുക, കക്ക ഇറച്ചിയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ എന്നിവയിൽ പരിശീലനം നൽകി. 90 ഓളം മത്സ്യത്തൊഴിലാളികൾക്ക് നല്ല ഉത്പാദന രീതികളിൽ (ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിനെ ജിഎംപി) പരിശീലനം നൽകി. ഡെപ്യൂറേഷൻ യൂണിറ്റും വ്യാവസായിക പാചക, തിളപ്പിക്കുന്ന യൂണിറ്റും ഉള്ള കേന്ദ്രീകൃത കക്ക സംസ്കരണ സൗകര്യം പെരുമ്പളംത്തിൽ സ്ഥാപിക്കും. ഈ സംസ്കരണ സൗകര്യം വേമ്പനാട് തടാകത്തിലെ മറ്റ് കക്ക സംസ്കരണ ഗ്രാമങ്ങൾക്കും മാതൃകയാക്കാം.

### പ്രക്രിയയുടെ മാനദണ്ഡങ്ങൾ

ഒരു ദിവസം 1 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ സംസ്ക്കരിക്കുന്നതിനുള്ള ആവശ്യകതകൾ നിറവേറ്റുന്നതിനായി സംസ്കരണ കേന്ദ്രത്തിൽ സുസജ്ജമായ ഒരു ഡിപ്യൂറേഷൻ സംവിധാനം ഉണ്ടായിരിക്കും. ഓരോ ബാച്ചിനും 10 മിനിറ്റ് എന്ന നിരക്കിൽ പാചക സമയം സ്റ്റാൻഡേർഡ് ചെയ്തു (ഓരോ ബാച്ചിനും 100 കിലോ അസംസ്കൃത, ഡിപ്യൂറേറ്റഡ് കക്ക കൈകാര്യം ചെയ്യാൻ കഴിയും). ആവശ്യത്തിനായി നിർമ്മിച്ച വ്യാവസായിക തിളപ്പിക്കൽ യൂണിറ്റിൽ ഉൽപാദിപ്പിക്കുന്ന നീരാവി ഉപയോഗിച്ച് മുഴുവൻ കക്കയും പാചകം ചെയ്യാൻ ഉപയോഗിക്കും. ചുട്ടുതിളക്കുന്ന അറയ്ക്ക് 40 മിനിറ്റ് നേരത്തേക്ക് 7 കിലോഗ്രാം ഭാരം കത്തുന്ന ബയോമാസ് ഉപയോഗിച്ച് തുടർച്ചയായി നീരാവി ഉത്പാദിപ്പിക്കാൻ കഴിയും. രണ്ട് അറകളടങ്ങിയതാണ് പാചക യൂണിറ്റ്, ഓരോന്നിനും ഒരു സമയം 5 ട്രേകളിലായി 50 കിലോ കക്ക ഉൾക്കൊള്ളാൻ കഴിയും. കക്ക ഇറച്ചിയുടെ ഹ്രസ്വകാല സംഭരണത്തിനായി ഓരോ യൂണിറ്റിലും പ്രത്യേക മുറി നൽകിയിട്ടുണ്ട്. അത് പ്രാദേശികമായി വിപണനം ചെയ്യാനോ കയറ്റുമതി ചെയ്യാനോ അല്ലെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കാനോ ഉപയോഗിക്കാം. കക്ക മാംസം മൂല്യവർദ്ധനവിന് അനുയോജ്യമാണ്, കൂടാതെ പദ്ധതിയിലൂടെ ഏഴ് ഉൽപ്പന്നങ്ങൾ പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. അതിൽ പ്രശസ്തമായ റെഡി-ടു-ഈറ്റ് ഉൽപന്നങ്ങളായ കട്ട്ലറ്റുകൾ, റോളുകൾ, കക്ക ബോളുകൾ, സമോസ മുതലായവയും ചെറിയ തോതിൽ ജനപ്രിയമാക്കാവുന്ന കക്ക അച്ചാറും ഉൾപ്പെടുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ ജനകീയമാക്കിയാൽ ചെറുകിട സംരംഭകർക്ക് സഹായകമാകും. ശീതികരിച്ചും, മരവിപ്പിച്ചും തുടങ്ങിയ വ്യത്യസ്ഥവിഭാഗങ്ങളിൽ കക്കയെ രൂപപ്പെടുത്തി എടുത്ത് നല്ല പാക്കിങ്ങിൽ വിപണനം ചെയ്താൽ കൂടുതൽ ഗുണകരമാകും.

സ്വമേധയാ തൊണ്ടിൽ നിന്ന് മാംസം വേർതിരിക്കുന്നത് സമയവും ഊർജ്ജവും ചെലവഴിക്കുന്നു. ഇത് സ്വമേധയാ പ്രവർത്തിക്കുന്ന റോട്ടറി സംവിധാനത്തിന്റെ സഹായത്തോടെ വേർതിരിച്ചെടുക്കാം. സ്വാഭാവിക സംവിധാനമായതിനാൽ മാംസത്തിൽ സൂക്ഷ്മജീവികളുടെ മലിനീകരണ സാധ്യത കുറയ്ക്കുന്നു. റോട്ടറി ചലനം മാംസത്തെ ഷെല്ലിൽ നിന്ന് വേർതിരിക്കുകയും മാംസം ഡ്രമ്മിന്റെ അടിയിൽ ഉറപ്പിച്ചിരിക്കുന്ന ആഴമില്ലാത്ത സ്റ്റീൽ ട്രേയിൽ ശേഖരിക്കുകയും യന്ത്രത്തിന്റെ ഒറ്റത്ത് ഷെല്ലുകൾ ശേഖരിക്കുകയും ചെയ്യുന്നു.

### പുതിയ വിപണന തന്ത്രങ്ങൾ

സംസ്കരിച്ച മാംസം പലപ്പോഴും ഇടനിലക്കാർ ഉചിതമായ സംസ്കരണവും പാക്കേജിംഗും ഇല്ലാതെ വിപണനം ചെയ്യുന്നു, ഇത് ഇന്ത്യയിൽ നിലവിലുള്ള സാഹചര്യങ്ങളിൽ നിർമ്മാതാവിന് ലഭിക്കുന്ന വിപണന ലാഭം കുറയ്ക്കുന്നു. ശരിയായ ബ്രാൻഡിംഗിന് ശേഷം ഉപഭോക്താവിന് ഉചിതമായ ഗുണനിലവാര സവിശേഷതയോടെ ഉൽപ്പന്നം വിപണനം ചെയ്യുകയാണെങ്കിൽ, ഉൽപ്പന്നത്തിന്റെ വിപണി സ്വീകാര്യത മെച്ചപ്പെടും. ശുചിത്വപരമായ സാഹചര്യങ്ങളിൽ സംസ്കരണം ചെയ്യുന്നതിലൂടെ മെച്ചപ്പെട്ട ഗുണനിലവാരവും രുചിയും ഉറപ്പുനൽകുന്നുവെങ്കിൽ ഉപഭോക്താക്കൾ കക്ക ഇറച്ചി വാങ്ങാൻ തയ്യാറാകും. അതോടൊപ്പം, മലിനീകരണരഹിതമായ പ്രദേശങ്ങളിൽ നിന്നുള്ള കക്ക വിഭവങ്ങളുടെ ലഭ്യത മെച്ചപ്പെടുത്താൻ കക്ക കൃഷിയുടെ വളർച്ചയും അനിവാര്യമാണ്. ജല കൃഷി കേന്ദ്രങ്ങളുടെ സ്ഥാനവും തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

### സംഗ്രഹം

ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ നിന്നുള്ള കക്ക വിപണന സാധ്യത വർധിപ്പിക്കാൻ നിലവാരം മെച്ചപ്പെടുത്തണം. വിളവെടുപ്പിനു മുൻപും ശേഷവുമുള്ള വിവിധ പ്രവർത്തനങ്ങളെയും സംസ്കരണത്തെയും ഉപഭോക്താവിന് സുരക്ഷിതമെന്ന നിലയിൽ തോന്നിപ്പിക്കണം. ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള പങ്കാളികളും സംസ്കരണ വ്യവസായവും യോഗ്യതയുള്ള നിയന്ത്രണ അതോറിറ്റിയും തമ്മിൽ ശക്തമായ ബന്ധം ഉണ്ടായിരിക്കണം. മെച്ചപ്പെട്ട ഗുണനിലവാരം കയറ്റുമതി വിപണിയിലും ആഭ്യന്തര വിപണിയിലും കക്ക ഇറച്ചിയുടെ വരുമാനം വർദ്ധിപ്പിക്കും.

### റഫറൻസസ്


1. CMFRI, K. (2016). CMFRI Annual Report 2016-2017.p.103

2. Gopal, N., Jeyanthi, P., & Chandrasekar, V. (2014). Production and marketing of the black clam (Villorita cyprinoides) in Perumbalam Island, Alappuzha District, Kerala. Indian Journal of Fisheries, 61(4)

3. https://www.eicindia.gov.in/knowledge repository /legal/ BM/ Notification_no_S.O.668(E)_dated_10th_June_2003.pdf

4. Mohamed, K S and Kripa, V and Asokan, P K and Sasikumar, Geetha and Venkatesan, V and Jenni, B and Alloycious, P S and Chinnadurai, S and Ragesh, N and Prema, D (2016)Development of bivalve farming as a source of income generation for women's self-help groups in coastal India. In: Sustainable intensification of aquaculture in the Asia-Pacific region. Documentation of successful practices. Food and Agriculture Organization of the United Nations, Thailand, pp. 82-92. ISBN 978-92-5-109065-7

5. Pawiro, S. (2010). Bivalves: global production and trade trends. Safe management of shellfish and harvest waters, 11-19.

6. Rees, G., Pond, K., Kay, D., Bartram, J., Santo Domingo, J., & World Health Organization. (2010). Safe management of shellfish and harvest waters: minimizing health risks from sewage-contaminated shellfish

7. Suja, N., & Mohamed, K. S (2011).Role of co-operative societies in black clam fishery and trade in Vembanad Lake. Marine Fisheries Information Service, (207), 6-8

8. WHO (2010) Safe Management of Shellfish and Harvest Waters (Eds. G. Rees, K. Pond, D. Kay, J. Bartram and J. Santo Domingo), ISBN: 9781843392255, IWA Publishing, London, UK.

# സമുദ്ര മത്സ്യ വരവിന്റെ പ്രത്യേകതകൾ ഇന്ത്യയിലെ തിരഞ്ഞെടുത്ത മത്സ്യബന്ധന തുറമുഖത്തിലെ കണക്ക് 2018 മേയിലേത്

സന്തോഷ് കദം, വി.വി. അഫ്സൽ, എൻ.ജെ. നീതു, ജോയിസ് വി. തോമസ്
നെറ്റ്ഫിഷ് – എംപിഇഡിഎ

എംപിഇഡിഎയയുടെ ക്യാച്ച് സർട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി, ഇന്ത്യയിലെ തിരഞ്ഞെടുത്ത തുറമുഖങ്ങളിലെ ഓരോ മാസത്തെയും മത്സ്യത്തിന്റെ വരവ് കൃത്യമായി രേഖപ്പെടുത്താറുണ്ട്. 2018 മേയിൽ ലഭിച്ച മത്സ്യത്തിന്റെയും തീരത്തെത്തിയ ബോട്ടുകളുടെയും വിവരങ്ങളാണ് ഈ വിശകലനത്തിലുള്ളത്.

**വിവര സമാഹരണവും വിലയിരുത്തലും**

തിരഞ്ഞെടുത്ത തുറമുഖങ്ങളിൽ നിയോഗിതരായ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് മത്സ്യത്തിന്റെയും ബോട്ടുകളുടെ വരവ് ദിവസേന എന്ന കണക്കിൽ രേഖപ്പെടുത്തുന്നത്. രേഖപ്പെടുത്തിയ വിവരങ്ങളിൽ നേരിട്ടുള്ളവയും മറ്റും സ്രോതസുകളിൽ നിന്നു ലഭിച്ചിട്ടുള്ളവയുമുണ്ട്.

സ്ഥലത്തുതന്നെ കണക്കാക്കൽ സംവിധാനത്തിലൂടെയാണ് ദിനംപ്രതിയുള്ള മത്സ്യ വരവ് ക്രമീകരിച്ചിരിക്കുന്നത്. ബോട്ടുകളുടെ പേര്, റജിസ്ട്രേഷൻ നമ്പർ, ബോട്ടിന്റെ പ്രത്യേകത തുടങ്ങിയ വിവരങ്ങളും രേഖപ്പെടുത്താറുണ്ട്. എംഎസ് ഓഫീസിന്റെ (എക്സൽ) സഹായത്തോടെ സമാഹരിച്ച വിവരങ്ങൾ വിശകലനം ചെയ്യാറുണ്ട്. ഈ വിലയിരുത്തൽ റിപ്പോർട്ടിൽ കിഴക്കൻ തീരത്തെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ മേഖലയിലെ ട്രോളിങ് നിരോധനത്തിന്റെ പശ്ചാത്തലത്തിലാണിത്.

**പട്ടിക 1. മത്സ്യ വരവിന്റെ വിവരങ്ങൾ സമാഹരിച്ച തുറമുഖങ്ങൾ**

| ക്ര. ന. | സംസ്ഥാനം | തുറമുഖം |
|---|---|---|
| 1 | കേരളം | ബേപ്പൂർ |
| 2 | | പുതിയപ്പ |
| 3 | | തോപ്പുംപടി |
| 4 | | മുനമ്പം |
| 5 | | ശക്തികുളങ്ങര |
| 6 | | തോട്ടപ്പള്ളി |
| 7 | | കായംകുളം |
| 8 | | വിഴിഞ്ഞം |
| 9 | കർണാടക | മംഗളൂരു |
| 10 | | മാൽപേ |
| 11 | | ഗംഗോളി |
| 12 | | ടാദ്രി |
| 13 | | കാർവാർ |
| 14 | | ഹോണവർ |
| 15 | മഹാരാഷ്ട്ര | ഹാർണേ |
| 16 | | ന്യൂ ഫെറി വാർഫ് |
| 17 | | രത്നഗിരി (മിർക്കർവാഡ) |
| 18 | | സാസൺ ഡോക് |
| 19 | ഗുജറാത്ത് | വേരാവൽ |
| 20 | | പോർബന്തർ |
| 21 | | മഗ്രോൾ |
| 22 | ഗോവ | കട്ബോന |
| 23 | | മാലിം |
| 24 | തമിഴ്നാട് | കുളച്ചൽ |

**മത്സ്യവരവിന്റെ വിലയിരുത്തൽ**

തിരഞ്ഞെടുത്ത 24 തുറമുഖങ്ങളിൽ നിന്ന് 2018 മേയിൽ ലഭിച്ച സമുദ്രോൽപ്പന്ന വരവാണ് ഇവിടെ വിശകലനം ചെയ്യുന്നത്. ആകെ ലഭിച്ചത് 32,153.82 ടൺ മത്സ്യം. ഉപരിതല മത്സ്യമാണ് ഏറ്റവും കൂടുതൽ ലഭിച്ചത് – 13,330.59 ടൺ (41%). 11,185.97 ടൺ (35%) ആഴക്കടൽ മത്സ്യവും ലഭിച്ചു. കവച വർഗ മത്സ്യം 7,637.26 ടണ്ണും (24%) ലഭിച്ചു. ഏറ്റവും കൂടുതൽ ലഭിച്ചത് ഉപരിതല മത്സ്യം തന്നെയാണ് (ചിത്രം 1).

വ്യത്യസ്തങ്ങളായ 91 മത്സ്യ ഇനങ്ങളാണ് ലഭിച്ചത്. കിളിമീൻ, അയല, കൂന്തൽ, വാള, പല്ലിമീൻ എന്നവയാണ് ഏറ്റവും അധികമായി ലഭിച്ച അഞ്ച് ഇനം മത്സ്യങ്ങൾ (ചിത്രം 2). ആകെ വരവിന്റെ 50 ശതമാനം ഈ മത്സ്യമാണ്. മറ്റ് പ്രധാനമത്സ്യ ഇനമായി വങ്കടയും തിരിയാനുമാണ് കൂടുതലായി ലഭിച്ചത്. ഇരു മത്സ്യ ഇനങ്ങളിലുമായി 1000 ടണ്ണിൽ അധികം മത്സ്യം ലഭിച്ചു. 2018

മേയിൽ ഏറ്റവും കുറവ് ലഭിച്ചത് ഇന്ത്യൻ സാൽമനാണ്. അതായത്, ആകെ വരവിന്റെ 0.10 ശതമാനം മാത്രം.

2018 മേയ് മാസത്തിൽ ലഭിച്ച, ഇനം തിരിച്ചുള്ള മത്സ്യ വരവിന്റെ കണക്കാണ് പട്ടിക 2 ൽ ഉള്ളത്. അയല, വാള, തിരിയാൻ തുടങ്ങിയ ഉപരിതല മത്സ്യങ്ങളാണ് ഏറ്റവും കൂടുതലായി ലഭിച്ചത്. കിളിമീൻ, പല്ലിമീൻ എന്നിവയാണ് ആഴക്കടൽ മത്സ്യഗണത്തിൽ ഏറ്റവും കൂടുതലായി ലഭിച്ചത്.

കൂന്തൽ, കണവ, നീരാളി, വെൽക്ക് എന്നിവയാണ് ഏറ്റവും കൂടുതലായി ലഭിച്ച കവചവർഗ മത്സ്യങ്ങൾ. മേൽപറഞ്ഞ മത്സ്യങ്ങൾ ആകെ കവച വർഗ മത്സ്യ വരവിന്റെ 62 ശതമാനമാണ്. അവശേഷിക്കുന്നവ ക്രസ്റ്റേഷ്യൻസ് വിഭാഗത്തിൽ നിന്നുള്ളവയാണ്. അതിൽ ലഭിച്ചത് പിനെയ്ഡ് ചെമ്മീൻ മാത്രവും.




*ചിത്രം 1. ഇനം തിരിച്ചുള്ള വരവ്, മേയ് 2018*




*ചിത്രം 2. പ്രധാന മത്സ്യ വിഭവങ്ങൾ, 2018 മേയ്*

**പട്ടിക 2. ഇനം തിരിച്ചുള്ള മത്സ്യ കണക്ക്, മേയ് 2018**

| മത്സ്യ ഇനം | അളവ് ടണ്ണിൽ | ആകെ വരവിന്റെ % |
|---|---|---|
| **ഉപരിതല മത്സ്യം** | | |
| അയല | 3618.583 | 11.25 |
| വാള | 2595.781 | 8.07 |
| തിരിയാൻ | 1926.800 | 5.99 |
| ചൂര | 1201.933 | 3.74 |
| വങ്കട | 1084.328 | 3.37 |
| നെയ്യ് ചാള | 751.965 | 2.34 |
| നെത്തോലി | 452.371 | 1.41 |
| വറ്റ | 383.580 | 1.19 |
| ശീലാവ് | 244.660 | 0.76 |
| ലെതർ ജാക്കറ്റ് | 232.707 | 0.72 |
| നെയ്മീൻ | 154.320 | 0.48 |
| ഡോൾഫിൻ മത്സ്യം | 140.856 | 0.44 |
| മത്തി | 124.787 | 0.39 |
| ഓറിയന്റൽ ബോണിറ്റോ | 106.000 | 0.33 |
| സെയിൽ ഫിഷ് | 80.600 | 0.25 |
| ബോംബെ ഡക്ക് | 36.527 | 0.11 |
| മാർലിൻ | 34.575 | 0.11 |
| ക്വീൻ ഫിഷ് | 29.090 | 0.09 |
| മോദ | 28.640 | 0.09 |
| പൂമീൻ | 25.300 | 0.08 |
| ഇന്ത്യൻ ത്രെഡ് ഫിഷ് | 18.650 | 0.06 |
| ഹെറിങ് | 16.825 | 0.05 |
| നീഡിൽ ഫിഷ് | 15.668 | 0.05 |
| ഹിൽസ | 15.604 | 0.05 |
| ഫ്ളാറ്റ് നിഡിൽ ഫിഷ് | 7.235 | 0.02 |
| ഇന്ത്യൻ ഇലിഷ | 3.100 | 0.01 |
| ഇന്ത്യൻ സാൽമൺ | 0.100 | 0.00 |
| **ആകെ** | **13330.585** | **41.46** |
| **ആഴക്കടൽ മത്സ്യങ്ങൾ** | | |
| കിളിമീൻ | 5542.317 | 0.17 |
| പല്ലി മീൻ | 1205.133 | 0.04 |
| കോര | 856.226 | 0.03 |
| കുട്ടൻ | 778.148 | 0.02 |
| പാര | 721.849 | 0.02 |
| നങ്ക് | 674.414 | 0.02 |
| കൂരി | 401.278 | 0.01 |
| ചെമ്പല്ലി | 343.050 | 0.01 |
| കലവ | 278.283 | 0.01 |
| ആവോലി | 104.488 | 0.00 |
| മുള്ളൻ | 89.835 | 0.00 |
| ഊൽ | 73.715 | 0.00 |

| | | |
|---|---|---|
| ഗോട്ട് ഫിഷ് | 56.500 | 0.00 |
| തിരണ്ടി | 42.650 | 0.00 |
| എംപ്രറർ ബ്രീം | 6.500 | 0.00 |
| ഇന്ത്യൻ ഹാലിബട്ട് | 3.845 | 0.00 |
| വെള്ളച്ചൂര | 2.700 | 0.00 |
| സ്രാവ് | 1.300 | 0.00 |
| നന്ദൻ | 1.250 | 0.00 |
| ഫയൽ ഫിഷ് | 1.200 | 0.00 |
| ടൈഗർ പെർഷ് | 0.889 | 0.00 |
| പാരറ്റ് ഫിഷ് | 0.400 | 0.00 |
| **ആകെ** | **11185.970** | **0.35** |
| **കവച വർഗം** | | |
| ***ക്രസ്റ്റേഷ്യൻസ്*** | | |
| പീനെയ്ഡ് ചെമ്മീൻ | 2326.815 | 7.24 |
| നോൺ പിനെയ്ഡ് ചെമ്മീൻ | 206.585 | 0.64 |
| കടൽ ഞണ്ട് | 376.545 | 1.17 |
| ചെളി ഞണ്ട് | 1.580 | 0.00 |
| കൊഞ്ച് | 2.335 | 0.01 |
| ***ആകെ ക്രസ്റ്റേഷ്യൻസ്*** | **2913.860** | **9.06** |
| ***മൊളുസ്ക്*** | | |
| കൂന്തൽ | 3118.622 | 9.70 |
| കണവ | 877.524 | 2.73 |
| നീരാളി | 577.258 | 1.80 |
| വെൽക്ക് (ഒരിനം ശംഖ്) | 150.000 | 0.47 |
| **ആകെ മൊളൂസ്ക്** | **4723.404** | **14.69** |
| **ആകെ കവച വർഗം** | **7637.264** | **23.75** |
| **ആകെ മത്സ്യം** | **32153.819** | **100.00** |

**മേഖല തിരിച്ചുള്ള വരവ്**

ഗോവ, കർണാടക, കേരള തീരങ്ങളിലെ 16 തുറമുഖങ്ങൾ ഉൾപ്പെടുന്ന തെക്ക്-പടിഞ്ഞാറൻ മേഖലയിൽ നിന്നാണ് ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് - ആകെ വരവിന്റെ 66%. അതയാത് 22,123.10 ടൺ (ചിത്രം 3). പിന്നിലായി ഗുജറാത്ത്, മഹാരാഷ്ട്ര തീരങ്ങളിലെ ഏഴ് തുറമുഖങ്ങൾ ഉൾപ്പെടുന്ന വടക്ക്-പടിഞ്ഞാറൻ മേഖലയുണ്ട്. അവിടെ നിന്നു ലഭിച്ചത് 11,030.72 ടൺ (34%).




*ചിത്രം 3. മേഖല തിരിച്ചുള്ള മത്സ്യ വരവ്, മേയ് 2018*

തെക്ക്-പടിഞ്ഞാറൻ മേഖലയിൽ ഏറ്റവും കൂടുതൽ ലഭിച്ചത് ഉപരിതല മത്സ്യമാണ്. വടക്ക്-പടിഞ്ഞാറൻ മേഖലയിൽ നിന്ന് ആഴക്കടൽ മത്സ്യവും (ചിത്രം 4).




*ചിത്രം 4. ഇനം തിരിച്ചുള്ള മത്സ്യ വരവ്, വിവിധ മേഖലകളിൽ*

ഓരോ മേഖലയിലെയും ഏറ്റവും കൂടുതലായി ലഭിച്ച അഞ്ച് മത്സ്യങ്ങളുടെ കണക്കുകളാണ് പട്ടിക 3 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 3. ഇനം തിരിച്ചുള്ള മത്സ്യ വരവ്, മേഖലാ തലത്തിൽ, മേയ് 2018**

| ഇനം | അളവ് ടണ്ണിൽ | ആകെ വരവ് % |
|---|---|---|
| **തെക്ക് പടിഞ്ഞാറൻ** | | |
| കിളിമീൻ | 3186.51 | 15.09 |
| അയല | 2950.76 | 13.97 |
| കൂന്തൽ | 2038.53 | 9.65 |
| വാള | 1035.10 | 4.90 |
| തിരിയാൻ | 1017.89 | 4.82 |
| **വടക്ക് പടിഞ്ഞാറൻ** | | |
| **കിളിമീൻ** | 2355.81 | 21.36 |
| **വാള** | 1560.68 | 14.15 |
| **കൂന്തൽ** | 1077.79 | 9.77 |
| വങ്കട | 716.64 | 6.50 |
| **കോര** | 676.24 | 6.13 |

**സംസ്ഥാനം തിരിച്ചുള്ള കണക്ക്**

2018 മേയിൽ ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് കർണാടകയിൽ നിന്നാണ്. 11,151.65 ടൺ, ആകെ മത്സ്യ വരവിന്റെ 35% (ചിത്രം 5). തൊട്ടുപിന്നിലായി 7,045.01 ടണ്ണുമായി കേരളമുണ്ട്. ആകെ മത്സ്യ വരവിന്റെ 22%. മൂന്നാം സ്ഥാനത്ത് മഹാരാഷ്ട്രയുണ്ട് - 5,910.44 ടൺ (18%). സംസ്ഥാനം തിരിച്ചുള്ള മത്സ്യ വരവിന്റെ കണക്കാണ് പട്ടിക 4 ൽ നൽകിയിട്ടുള്ളത്.




*ചിത്രം 5. സംസ്ഥാന തല മത്സ്യ വരവ്, 2018 മേയ്*

**പട്ടിക 4. വിവിധ സംസ്ഥാനങ്ങളിലെ പ്രധാന മത്സ്യങ്ങളുടെ വരവ്, 2018 മേയ്**

| ഇനം | അളവ് ടണ്ണിൽ | വരവ് % |
|---|---|---|
| **കേരള** | | |
| അയല | 684.56 | 9.72 |
| ചാള | 653.68 | 9.28 |
| തിരിയാൻ | 543.00 | 7.71 |
| കിളിമീൻ | 516.20 | 7.33 |
| കൂന്തൽ | 482.42 | 6.85 |
| **കർണാടക** | | |
| കിളിമീൻ | 2436.56 | 21.85 |
| അയല | 1534.71 | 13.76 |
| കൂന്തൽ | 1301.25 | 11.67 |
| വാള | 892.20 | 8.00 |
| പല്ലി മീൻ | 797.70 | 7.15 |

| | | |
|---|---|---|
| **ഗോവ** | | |
| അയല | 731.50 | 27.37 |
| പാര | 523.30 | 19.58 |
| കൂന്തൽ | 254.86 | 9.54 |
| കിളിമീൻ | 233.75 | 8.75 |
| ചൂര | 152.50 | 5.71 |
| **മഹാരാഷ്ട്ര** | | |
| കിളിമീൻ | 2076.41 | 35.13 |
| വങ്കട | 715.94 | 12.11 |
| കൂന്തൽ | 415.99 | 7.04 |
| ബ്രൗൺ ചെമ്മീൻ | 313.79 | 5.31 |
| വാള | 309.18 | 5.23 |
| **ഗുജറാത്ത്** | | |
| വാള | 1251.50 | 24.44 |
| കൂന്തൽ | 661.80 | 12.93 |
| അയല | 463.40 | 9.05 |
| കോര | 416.50 | 8.13 |
| കണവ | 310.40 | 6.06 |
| **തമിഴ്നാട്** | | |
| ചൂര | 138.50 | 54.60 |
| ഇന്ത്യൻ ഗോട്ട് ഫിഷ് | 39.50 | 15.57 |
| പല്ലി മീൻ | 30.50 | 12.02 |
| തിരിയാൻ | 17.50 | 6.90 |
| കണവ | 13.70 | 5.40 |

### തുറമുഖം തിരിച്ചുള്ള കണക്ക്

2018 മേയിൽ, പടിഞ്ഞാറൻ തീരമേഖലയിലെ 24 ഓരോ തുറമുഖത്തു നിന്നും ലഭിച്ച മത്സ്യ വരവാണ് ചിത്രം 6 ൽ നൽകിയിട്ടുള്ളത്. മംഗളൂരു തുറമുഖത്തു നിന്നാണ് ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് - 5753.61 ടൺ, ആകെ വരവിന്റെ 18%. തൊട്ടു പിന്നിലായി മാൽപേ തുറമുഖം - 4,862.20 ടൺ (15%). 3,174.32 ടണ്ണുമായി (10%) സാസൻഡോക് ഹാർബറും 2,189 ടണ്ണുമായി (7%) കേരളത്തിലെ മുനമ്പം തുറമുഖവും മൂന്നും നാലും സ്ഥാനത്തു നിൽക്കുന്നു. ഏറ്റവു കുറവു മത്സ്യം ലഭിച്ചത് കർണാടകത്തിലെ കാർവാർ തുറമുഖത്തു നിന്നാണ് - 35.13 ടൺ.

### ബോട്ടുകളുടെ വരവ് അനുസരിച്ചുള്ള കണക്ക്

2018 മേയിൽ 15,538 ബോട്ടുകൾ എത്തിയെന്നാണ് കണക്ക്. വേരാവൽ തുറമുഖത്താണ് ഏറ്റവും കൂടുതൽ ബോട്ടുകൾ എത്തിയത് (2429 എണ്ണം).




*ചിത്രം 6. തുറമുഖം തിരിച്ചുള്ള വരവ് (ടണ്ണിൽ), മേയ് 2018*

പിന്നിലായി, മംഗളൂരു തുറമുഖവും (1876 എണ്ണം). 1000 ൽ അധികം ബോട്ടുകൾ എത്തിയിട്ടുള്ളത് 5 തുറമുഖങ്ങളിൽ മാത്ര മാണ്. അവയുടെ വിശദാംശങ്ങൾ പട്ടിക 5 ൽ നൽകിയിട്ടുണ്ട്. എത്തിച്ചേർന്ന ബോട്ടുകളിൽ ഏറ്റവും കൂടുതൽ ട്രോളറുക ളാണ്. പഴ്സ് സീനേഴ്സ്, റിങ് സീനേഴ്സ്, ഗിൽ നെറ്റേഴ്സ്, ലോങ് ലൈനേഴ്സ് എന്നിവയുമുണ്ട്. കൂടാതെ, പരമ്പരാഗത വള്ളങ്ങളും ഉൾപ്പെടുന്നു.

**പട്ടിക 5. തുറമുഖം തിരിച്ച് ബോട്ടുകളുടെ വരവ്, മേയ് 2018**

| ക്ര. ന. | തുറമുഖം | സംസ്ഥാനം | ബോട്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | വേരാവൽ | ഗുജറാത്ത് | 2429 |
| 2 | മംഗളൂരു | കർണാടക | 1876 |
| 3 | പോർബന്തർ | ഗുജറാത്ത് | 1732 |
| 4 | മംഗ്രോൾ | ഗുജറാത്ത് | 1268 |
| 5 | ഹാർണേ | മഹാരാഷ്ട്ര | 1055 |

**താരതമ്യ വിശകലനം**

2018 മേയ് മാസത്തിലെ മത്സ്യ വരവിന്റെ താരതമ്യ വിശകലന മാണ് പട്ടിക 6 ൽ നൽകിയിക്കുന്നത്. ഏപ്രിൽ മാസത്തെ അപേ ക്ഷിച്ച് മത്സ്യ വരവ് ഏകദേശം 20,000 ടൺ കുറഞ്ഞതായാണ് കണക്ക്. മുൻ മാസത്തെ അപേക്ഷിച്ച് ഉപരിതല മത്സ്യത്തിന്റെ വരവ് 2% കൂടിയിട്ടുമുണ്ട്.

ആഴക്കടൽ മത്സ്യ വരവിലും നേരിയ വർധനയുണ്ട്. 2 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. എന്നാൽ, കവച വർഗ മത്സ്യങ്ങളുടെ വരവിൽ 2018 മേയിൽ 4 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തുന്നു. കിളിമീനാണ് ഏറ്റവും കൂടുതലായി ലഭിച്ച മത്സ്യം. 17 ശതമാനവുമായി കൂന്തൽ രണ്ടാം സ്ഥാനത്തുണ്ട്. ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ച സംസ്ഥാനം കർണാടകമാണ്, രണ്ടാം സ്ഥാനത്ത് കേരളവും.

തുറമുഖങ്ങളിൽ ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് മംഗളൂരുവിൽ നിന്നാണ്. ഒന്നാം സ്ഥാനത്തുണ്ടായിരുന്ന ബേപ്പൂർ തുറമുഖം ഏഴാം സ്ഥാനത്തായി. ഏപ്രിൽ മാസത്തെ അപേക്ഷിച്ച് ബോട്ടുകളുടെ വരവ് ഗണ്യമായി കുറഞ്ഞു. 6000 ൽ അധികം ബോട്ടുകളുടെ എണ്ണം കുറഞ്ഞതായാണ് വിവരം.

**സംഗ്രഹം**

2018 മേയിൽ തിരഞ്ഞെടുത്ത 24 ഇന്ത്യൻ തുറമുഖങ്ങളിൽ നിന്ന് ആകെ ലഭിച്ചത് 32,153.82 ടൺ മത്സ്യം. ആഴക്കടൽ മത്സ്യങ്ങൾ അപേക്ഷിച്ച് ഉപരിതല മത്സ്യങ്ങളുടെ വരവാണ് കൂടുതലായുള്ളത്. കവച വർഗ മത്സ്യത്തിന്റെ വരവും കുറവാണ്. ഇനം തിരിച്ചുള്ള മത്സ്യ കണക്കിൽ കിളിമീൻ മുന്നിൽ നിൽക്കുന്നു. തെക്ക്-പടിഞ്ഞാറൻ തീരത്തെ കർണാടക ആകെ വരവിന്റെ 66% മത്സ്യവുമായി ഏറ്റവും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമായി.

തിരഞ്ഞെടുത്ത 24 തുറമുഖങ്ങളിൽ 12 ൽ 1000 ടണ്ണിൽ അധികം മത്സ്യം ലഭിച്ചു. ബോട്ടുകളുടെ എണ്ണത്തിന്റെ കണക്കിൽ വേരാവൽ തുറമുഖം ഒന്നാമനായി തുടരുന്നു.

**പട്ടിക 6. താരതമ്യ പഠനം**

| | മാർച്ച് 2018 | ഏപ്രിൽ 2018 | മേയ് 2018 |
|---|---|---|---|
| ആകെ മത്സ്യ വരവ് | **62,203.72 ടൺ** | **52,184.40 ടൺ** | **32,153.82 ടൺ** |
| ആകെ ഉപരിതല മത്സ്യം | 24,254.18 ടൺ (39%) | 20,374.36 ടൺ (39%) | 13,330.59 ടൺ (41%) |
| ആകെ ആഴക്കടൽ മത്സ്യം | 20,134.22 ടൺ (32%) | 17,128.26 ടൺ (33%) | 11,185.97 ടൺ (35%) |
| ആകെ കവച വർഗ മത്സ്യം | 17,815.32 ടൺ (29%) | 14,681.78 ടൺ (28%) | 7,637.26 ടൺ (24%) |
| ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം | കൂന്തൽ (9%) | കൂന്തൽ (10%) | കിളിമീൻ (17%) |
| മത്സ്യം അധികം ലഭിച്ച സംസ്ഥാനം | ഗുജറാത്ത് (28%) | കേരളം (30%) | കർണാടക (35%) |
| മത്സ്യം അധികം ലഭിച്ച തുറമുഖം | ബേപ്പൂർ (18%) | ബേപ്പൂർ (21%) | മംഗ്ലൂരു (18%) |
| **ആകെ ബോട്ട് വരവ്** | **27,512** | **21,677** | **15,538** |

**ആകെ മത്സ്യത്തിന്റെ %*

# ചതുര കണ്ണി വലയുടെ നിർമാണ പരിശീലനം




*സിഐഎഫ്ടി വിദഗ്ധർ സ്ക്വയർ മെഷിന്റെ ഗുണം വിവരിക്കുന്നു.*

ട്രോൾ വലയുടെ ഉപയോഗത്തിലൂടെ നേരിട്ടോ, അല്ലാതെയോ മത്സ്യ കുഞ്ഞുങ്ങൾ നശിക്കുന്നത് സർവ സാധാരണമാണ്. അതുകൊണ്ടാണ് സമുദ്രോൽപ്പനത്തിൽ ഗണ്യമായ കുറവു നേരിടുന്നതും. ഒരു മത്സ്യത്തെ മാത്രം പിടിക്കാവുന്ന മത്സ്യബന്ധന ഉപകരണമല്ല, ട്രോൾ വല. അതുകൊണ്ടു തന്നെ കുഞ്ഞുങ്ങൾ വലയിൽ അകപ്പെടുന്നതിൽ നിന്ന് ഒഴിവാക്കാനും കഴിയില്ല.

മത്സ്യബന്ധന വലയിൽ ചെറിയൊരു മാറ്റം വരുത്തിയാൽ തന്നെ വലയിൽ അകപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാം. നിലവിലെ ഡയമണ്ട് ആകൃതിക്കു പകരം വലയുടെ അവസാന ഭാഗത്ത് ചതുരമാക്കിയാൽ മതിയാകും.

മത്സ്യബന്ധന വലയിൽ, പ്രത്യേകിച്ച് വലയുടെ അറ്റത്ത് ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് പിടിക്കപ്പെടുന്ന ചെറിയ മത്സ്യങ്ങളുടെ ശതമാനം ഗണ്യമായി കുറയ്ക്കാൻ കഴിയും.

ഡയമണ്ട് ആകൃതിയിലുള്ള വല കണ്ണിക്കുപകരം ചതുരാകൃതിയിലുള്ള വലക്കണ്ണിയുള്ള വലകൾ ഉപയോഗിക്കുന്നത് ട്രോൾ വലകളിലെ കുഞ്ഞു മത്സ്യങ്ങൾ പിടിക്കപ്പെടുന്നതു കുറയ്ക്കുന്നതിനുള്ള വിജയകരമായ നടപടിയാണെന്ന് തെളിഞ്ഞു. അതിനാൽ സമുദ്രവിഭവങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ, പതിവ് ബോധവൽക്കരണ ക്ലാസുകളിലൂടെയും പരിശീലനങ്ങളിലൂടെയും മത്സ്യ തൊഴിലാളികൾക്കിടയിൽ സ്ക്വയർ മെഷ് ഉപയോഗിക്കുന്നത് നെറ്റ്ഫിഷ് ജനപ്രിയമാക്കുന്നു.

പ്രധാന തുറമുഖങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ, സിഐഎഫ്ടി സാങ്കേതിക വിദ്യ മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കാൻ കഴിയുന്നുണ്ട്. പ്രധാനമായും മത്സ്യത്തൊഴിലാളികൾ, വല നെയ്യുന്നവർ തുടങ്ങിയവർക്കു സ്ക്വയർ മെഷ് നിർമ്മിക്കുന്നതിനുള്ള സിഐഎഫ്ടി സാങ്കേതികവിദ്യ നൽകി.

മെയ് 22, 24 തീയതികളിൽ വെരാവലിലും പോർബന്തറിലും രണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ബോട്ട് ഉടമകളും നെറ്റ് മെൻഡിംഗ് തൊഴിലാളികളും ഉൾപ്പെടെ 61 ഓളം മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വിവിധ തരം വലകളെയും വലകളുടെ പാറ്റേണുകളെയും ചെറിയ മത്സ്യങ്ങളുടെ സംരക്ഷണത്തിൽ ചതുരകണ്ണി കോഡ് എൻഡ് രൂപീകരിക്കുന്നതിന്റെ ഗുണങ്ങളെക്കുറിച്ചും സിഐഎഫ്ടി ഉദ്യോഗസ്ഥർ പങ്കെടുത്തവർക്ക് വിശദീകരിച്ചു.

സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിന് ട്രോൾ വലകളിൽ ചതുരകണ്ണി കോഡ് എൻഡ് ഉപയോഗിക്കുന്നത് ഏറ്റവും അനിവാര്യമാണെന്ന് നെറ്റ്ഫിഷ് സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ ജിഗ്നേഷ് വിസവാഡിയ പറഞ്ഞു. തിയറി സെക്ഷനുകൾക്ക് ശേഷം, പങ്കെടുക്കുന്ന എല്ലാവർക്കും ഡയമണ്ട് മെഷ് വലകളെ സ്ക്വയർ മെഷിലേക്കു പരിവർത്തനം ചെയ്യാനുള്ള സാങ്കേതികവിദ്യ പ്രദർശിപ്പിച്ചു. പിന്നീട്, ട്രെയിനികളെ വിവിധ ഗ്രൂപ്പുകളായി വിഭജിക്കുകയും ഓരോ ഗ്രൂപ്പും സ്ക്വയർ മെഷ് സ്വയം തയ്യാറാക്കുകയും ചെയ്തു. ഈ പരിപാടികൾ വിജയകരമായി നടത്തുന്നതിന് ബി എ യാദവ് എജ്യുക്കേഷൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ (നെറ്റ്ഫിഷ് എൻജിഒ) പ്രസിഡന്റ് മുൻകൈയെടുത്തു.



*സ്ക്വയർ മെഷ് നിർമാണം മത്സ്യത്തൊഴിലാളികൾ പരിശീലിക്കുന്നു.*

# മത്സ്യ ബന്ധനത്തിന് സുരക്ഷിതമായ കടൽ ബോധവൽക്കരണ പരിപാടി




*പരിശീലനത്തിൽ പങ്കെടുത്തവർ സിഫ്നെറ്റ് അധ്യാപകർക്കൊപ്പം*

കടലിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും തീരദേശ സമൂഹങ്ങളെ കടലിലെ ദുരന്തങ്ങളോട് കൂടുതൽ പ്രതിരോധം പുലർത്തുന്നതിനും നെറ്റ്ഫിഷ് മത്സ്യത്തൊഴിലാളികൾക്കായി ബോധവൽക്കരണ പരിശീലന പരിപാടികൾ ആരംഭിച്ചു. മെയ് 31 ന് പശ്ചിമ ബംഗാളിലെ പൂർബ മെഡിനിപൂരിലെ നീൽപൂരിൽ "കടൽ സുരക്ഷയും നാവിഗേഷനും" എന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രദേശത്ത് നിന്ന് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകളുടെ 39 ഡ്രൈവർമാർ പങ്കെടുത്തു.

കടലിലെ സുരക്ഷ, മത്സ്യബന്ധന കപ്പലുകളുടെ രജിസ്ട്രേഷൻ ലൈസൻസിംഗിന്റെയും പ്രാധാന്യം, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ലൈഫ് റാഫ്റ്റ്, ഡിസ്ട്രസ് അലേർട്ട് ട്രാൻസ്മിറ്റർ (ഡാറ്റ്) മെഷീൻ എന്നിവയെക്കുറിച്ച് നെറ്റ്ഫിഷിലെ സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ അഥാനു റേ വിശദീകരിച്ചു., വിഎച്ച്എഫ്, എംഎഫ് ട്രാൻസ്മിഷൻ സിസ്റ്റം, ദുരിത സമയത്ത് വ്യത്യസ്ത ആശയ വിനിമയ നടപടികളെക്കുറിച്ചും വിശദമാക്കി.

പങ്കെടുത്തവർക്ക് 'കടലിന്റെ നിയമങ്ങൾ', കടലിൽ സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള വിവിധ പകൽ സമയ സിഗ്നലുകൾ, രാത്രി സിഗ്നലുകൾ എന്നിവയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. പങ്കെടുത്തവർക്ക് ആവശ്യമായ പരിശീലന സാമ




*പശ്ചിമ ബംഗാളിൽ നടന്ന സുരക്ഷിത കടൽ ബോധവൽക്കരണ പരിപാടിയിൽ നിന്ന്*

ഗ്രികളും നൽകി. സുരക്ഷിതമായ മത്സ്യബന്ധനത്തിന് മാത്രമല്ല, ബോട്ടുകളുടെ സുരക്ഷിതമായ നാവിഗേഷനും ഈ അവബോധം വളരെ അത്യാവശ്യമായതിനാൽ പ്രോഗ്രാം പരിശീലകർക്ക് പ്രയോജനകരമാണെന്ന് തെളിഞ്ഞു. പരിശീലനത്തിൽ പങ്കെടുത്തവർ പ്രോഗ്രാം സംഘടിപ്പിക്കുന്നതിൽ നെറ്റ്ഫിഷിനെ അഭിനന്ദിച്ചു.

2018 മെയ് മാസം തുടക്കത്തിൽ ചീഫ് എക്സിക്യൂട്ടീവ്, സ്റ്റേറ്റ് കോർഡിനേറ്റർമാർ, റിസർച്ച് അസിസ്റ്റന്റുമാർ എന്നിവരടങ്ങിയ നെറ്റ്ഫിഷ് സ്റ്റാഫ് കൊച്ചിയിലെ സിഫ്നെറ്റിൽ "കടൽ സുരക്ഷ, നാവിഗേഷൻ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം" എന്നിവയെക്കുറിച്ചുള്ള പരിശീലന പരിപാടിയിൽ പങ്കെടുത്തിരുന്നു. 'സുരക്ഷയും കടലും സുരക്ഷിതനാവിഗേഷനും' സംബന്ധിച്ച അറിവ് വർദ്ധിപ്പിക്കുക, വിഷയത്തെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ ശേഖരിക്കുക എന്നിവയായിരുന്നു ലക്ഷ്യം.

മെയ് 7, 8 തീയതികളിൽ നടന്ന ദ്വിദിന പരിപാടിയിൽ മറൈൻ കമ്മ്യൂണിക്കേഷൻ സിസ്റ്റംസ്, നാവിഗേഷൻ ഉപകരണങ്ങൾ, മറൈൻ സിഗ്നലുകൾ, റോഡിന്റെ നിയമങ്ങൾ, സമുദ്ര സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, മറൈൻ ഇലക്ട്രോണിക് ഉപകരണങ്ങൾ, ജീവൻ രക്ഷിക്കാനുള്ള ഉപകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനങ്ങളും പരിശീലനത്തിൽ ഉൾപ്പെടുത്തി.

പിന്നീട്, പരിശീലകരെ സിഫ്നെറ്റ് കപ്പലായ പ്രശിക്ഷണി സന്ദർശിക്കാൻ കൊണ്ടുപോയി, അവിടെ കപ്പലിന്റെ ക്യാപ്റ്റൻ കപ്പലിൽ ലഭ്യമായ വിവിധ നാവിഗേഷൻ സൗകര്യങ്ങളുടെ പ്രവർത്തനം വിശദീകരിച്ചു. വിദ്യാർത്ഥികൾക്ക് വെർച്വൽ പരിശീലനം നൽകുന്നതിനായി സിഫ്നെറ്റിൽ സ്ഥാപിച്ച സിമുലേഷൻ സംവിധാനം സന്ദർശിക്കാനും പരിശീലകർക്ക് അവസരം ലഭിച്ചു. പരിശീലനം വിഷയത്തെക്കുറിച്ച് മനസ്സിലാക്കുകയും മത്സ്യത്തൊഴിലാളികൾക്ക് സമുദ്ര സുരക്ഷാപരിശീലനം നൽകുന്നതിന് നെറ്റ്ഫിഷ് ടീമിനെ സജ്ജമാക്കുകയും ചെയ്തു.

# ജലക്കൃഷി എൻറോൾമെന്റിനായുള്ള കർഷക സംഗമം



*പശ്ചിമ ബംഗാളിലെ കോണ്ടായിയിൽ നടന്ന അക്വാ ഫാം കർഷകരുടെ യോഗം*

പശ്ചിമ ബംഗാളിലെ ശാസ്ത്രീയ അക്വാകൾച്ചറിന്റെ കേന്ദ്രമായ കോണ്ടായിൽ ജൂൺ 22 ന് ശുദ്ധജല കൃഷിയുമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം നടന്നു. 50 ലധികം പേർ പങ്കെടുത്തു.

പിഎച്ച്ടിക്കൊപ്പം യൂറോപ്യൻ യൂണിയനിലേക്കുള്ള കയറ്റുമതിക്ക് നിർബന്ധിത ആവശ്യകതകളിലൊന്നാണ് ട്രേസിബിലിറ്റി. രാജ്യത്തുനിന്നുള്ള കയറ്റുമതി സംരക്ഷിക്കുന്നതിനുള്ള ആത്യന്തിക ആവശ്യകതയായി ട്രേസിബിലിറ്റി മാറിയിരിക്കുന്നു. പ്രത്യേകിച്ചും, യുഎസ്എയിലേക്കുള്ള കയറ്റുമതിക്കായുള്ള ചെമ്മീൻ, എസ്ഐഎംപിയ്ക്കു കീഴിൽ ഉൾപ്പെടുത്തിയ ശേഷം.

കൊൽക്കത്ത റീജിയണൽ ഡിവിഷൻ എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ആർച്ചിമാൻ ലാഹിരി സെമിനാർ ഉദ്ഘാടനം ചെയ്യുകയും ജലകൃഷി വ്യവസായം അഭിമുഖീകരിക്കുന്ന നിലവിലെ പ്രശ്നങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കോണ്ടായിയിലെ സബ് റീജിയണൽ ഡിവിഷൻ ജൂനിയർ ടെക്നിക്കൽ ഓഫീസർ ഡോ. ദേബാഷിഷ് റോയ്; രാംകൃഷ്ണ സർദാർ, ഈസ്റ്റ് മെഡിനിപൂർ ജില്ലയിലെ ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ; കൊൽക്കത്ത റീജിയണൽ ഡിവിഷൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോൺസൺ എന്നിവർ സംസാരിച്ചു.

ആഗോളതലത്തിൽ ചെമ്മീൻ വില കുറയാനുണ്ടായ കാരണങ്ങളെക്കുറിച്ച് പിന്നീട് ആർച്ചിമാൻ ലാഹിരി വിശദീകരിച്ചു. ജലകൃഷി ഉൽപ്പന്നങ്ങളുടെ ട്രേസിബിലിറ്റിയെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. എംപിഇഡിഎ ഏറ്റെടുത്ത അക്വാ ഫാമുകളിൽ ചേരുന്നതിനെക്കുറിച്ച് അദ്ദേഹം വിശദമായ വിവരണം നൽകി. ഇറക്കുമതി ചെയ്യുന്നതിലൂടെ ജലകൃഷി ഉൽപന്നങ്ങളിൽ ആൻറിബയോട്ടിക്കുകൾ കണ്ടെത്തിയതിനെത്തുടർന്ന് കണ്ടെയ്നറുകൾ നിരസിക്കുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സജീവവും വിപുലവുമായ പങ്കാളിത്തത്തിലൂടെ എൻറോൾമെന്റ് ഡ്രൈവ് വലിയ വിജയമാക്കി മാറ്റാൻ പങ്കെടുത്ത എല്ലാവരോടും അദ്ദേഹം അഭ്യർത്ഥിച്ചു. ജലകൃഷി എൻറോൾമെന്റ് കാർഡുകളുടെ മാതൃകയും അദ്ദേഹം സദസ്സിൽ പ്രദർശിപ്പിച്ചു.

അവതരണങ്ങളെ തുടർന്ന് പങ്കെടുത്തവർ സജീവ ചർച്ചയും നടത്തി.




*അക്വാ ഫാം കർഷകരുടെ യോഗം കൊൽക്കത്ത എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ആർച്ചിമാൻ ലാഹിരി വിശദാംശങ്ങൾ കർഷകരുമായി പങ്കുവയ്ക്കുന്നു*

# ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള എംപിഇഡിഎ ശ്രമങ്ങൾ

ഇറക്കുമതി ചെയ്ത പസഫിക് വൈറ്റ് ചെമ്മീനിനായി (എൽ വനാമി) അക്വാട്ടിക് ക്വാറൻറൈൻ ഫെസിലിറ്റി (എക്യുഎഫ്) വിപുലീകരിക്കാൻ മറൈൻ പ്രൊഡക്റ്റ്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (എംപിഇഡിഎ) ഒരുങ്ങുന്നു. ഈ നീക്കം രാജ്യത്ത് ചെമ്മീൻകൃഷി ഉൽപാദനം പ്രതിവർഷം 3 മുതൽ 3.5 ലക്ഷം മെട്രിക് ടൺ വരെ വർദ്ധിപ്പിക്കുമെന്നും സമുദ്രോത്പന്ന കയറ്റുമതിയിൽ നിന്ന് ഉയർന്ന വരുമാനം ഉണ്ടാക്കുമെന്നും പ്രതീക്ഷിക്കുന്നു.



*ചെന്നൈയിലെ നീലങ്കരയിൽ എക്യുഎഫ് നാലാം ഘട്ടം ശിലാസ്ഥാപന ചടങ്ങിൽ നിന്ന്*

കേന്ദ്ര മത്സ്യബന്ധന-ക്ഷീര-മൃഗസംരക്ഷണ മന്ത്രാലയം സെക്രട്ടറി ശ്രീ തരുൺ ശ്രീധർ ചെന്നൈയിലെ നീലങ്കരൈയിൽ എക്യുഎഫ് നാലാം ഘട്ടത്തിന് തറക്കല്ലിട്ടു.

എംപിഇഡിഎയുടെ റിസർച്ച് ആൻഡ് ഡവലപ്മെൻറ് വിഭാഗമായ രാജീവ് ഗാന്ധി സെന്റർ ഓഫ് അക്വാകൾച്ചർ (ആർജിസിഎ) സ്ഥാപിക്കുന്ന എക്യുഎഫിന്റെ ആദ്യ ഘട്ടം ആറ് ക്യൂബിക്കലുകളും മൂന്ന് റിസീവിംഗ് ഏരിയകളും ഒരു ഫ്യൂമിഗേഷൻ റൂം ഉൾപ്പെടെ ഒരു പാക്കിംഗ് ഏരിയയും ഉണ്ടായിരിക്കും. പ്രതിവർഷം 1,23,750 ബ്രൂഡറുകളിലേക്ക് അധിക ശേഷി വികസിപ്പിക്കും.

യുഎസ്, യൂറോപ്പ്, മറ്റ് ആഗോള വിപണികൾ എന്നിവയിൽ വ്യാപകമായി ആവശ്യപ്പെടുന്ന ഒരു വിദേശ ഇനമാണ് എൽ വനാമി, വൈറ്റ്ലെഗ് ചെമ്മീൻ അല്ലെങ്കിൽ ചെമ്മീനുകളുടെ രാജാവ് എന്നും അറിയപ്പെടുന്നു. ഇതിന്റെ ബ്രൂഡ് സ്റ്റോക്കുകൾ പ്രധാനമായും യുഎസ്എയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ഈ സ്വദേശി ഇതര ഇനത്തെ ഇന്ത്യയിലേക്ക് കൊണ്ടുവരുന്നതിനുള്ള ഒരു നിയന്ത്രിത രീതി സാധ്യമാക്കുന്നതിനായി 2009 ൽ നീലങ്കരായിയിലെ എക്യുഎഫ് ആരംഭിച്ചു.

ഇന്ത്യയിൽ ജലകൃഷിക്ക് മുൻഗണന നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി “നീല വിപ്ലവ” ത്തിന്റെ ഭാഗമായി കാർഷിക മന്ത്രാലയം എക്യുഎഫിന് ധനസഹായം നൽകിയിട്ടുണ്ടെന്ന് തരുൺ ശ്രീധർ പറഞ്ഞു. ഗുജറാത്ത്, ഒഡീഷ, മഹാരാഷ്ട്ര, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ എൽ. വനാമിയുടെ കൃഷിക്ക് ഇത് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന ഉൽപാദനത്തിലും കയറ്റുമതിയിലും ഗണ്യമായ വളർച്ച കൈവരിക്കാൻ എംപിഇഡിഎയ്ക്കും ആർജിസിഎയ്ക്കു ആവശ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും അദ്ദേഹം ഉറപ്പ് നൽകി.

ഇതുവരെ 11 ലക്ഷത്തിലധികം എൽ. വനാമി ബ്രൂഡ് സ്റ്റോക്കുകൾ എക്യുഎഫ് വിജയകരമായി നിർണ്ണയിച്ചിട്ടുണ്ട്, അധിക ശേഷി വ്യവസായത്തെയും ചെമ്മീൻ കയറ്റുമതിയെയും ഗണ്യമായി ശക്തിപ്പെടുത്തുമെന്ന് എംപിഇഡിഎ ചെയർമാനും ആർജിസിഎ പ്രസിഡന്റുമായ ഡോ. എ. ജയതിലക് ഐഎഎസ് പറഞ്ഞു.

ഇന്ത്യയിൽ നിന്നുള്ള സമുദ്ര കയറ്റുമതി എക്കാലത്തെയും ഉയർന്ന 6 ബില്യൺ യുഎസ് ഡോളറിലെത്തുമെന്നാണ് പ്രതീക്ഷ, അളവ് 1.27 ദശലക്ഷം ടണ്ണിലെത്തും. ജലകൃഷിയിലെ പുതിയ സംരംഭങ്ങളായ എക്യുഎഫ് വിപുലീകരണം 2022 ൽ സമുദ്ര കയറ്റുമതിയിൽ നിന്ന് 10 ബില്യൺ യുഎസ് ഡോളർ ലക്ഷ്യത്തിലെത്താൻ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. തമിഴ്നാട് സർക്കാരിലെ മൃഗസംരക്ഷണ, ക്ഷീര, മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഗോപാൽ, എക്യുഎഫിന് സംസ്ഥാനത്തിന്റെ പൂർണ പിന്തുണ ഉറപ്പ് നൽകി.

# ശുദ്ധജലക്കൃഷി ഫാമുകളിൽ നിരോധിത ആന്റിബയോട്ടിക് ഉപയോഗത്തിനെതിരെ ബോധവൽക്കരണം

കാർവാർ എംപിഇഡിഎ സബ് റീജിയണൽ ഡിവിഷനു കീഴിൽ അക്വാകൾച്ചർ ഫാമുകളിൽ നിരോധിച്ച ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് കാർഷിക സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി രണ്ട് പരിപാടികൾ ജൂൺ 28 ന് ഉത്തരകന്നട ജില്ലയിലെ കാർവാർ താലൂക്കിലെ മക്കേരിയിലും സുൽത്താൻപൂരിലും സംഘടിപ്പിച്ചു.

എംപിഇഡിഎ സബ് റീജിയണൽ ഡിവിഷൻ ജൂനിയർ ടെക്നിക്കൽ ഓഫീസർ ശ്രീ ജി. റാമർ നിരോധിച്ച ആൻറിബയോട്ടിക്കുകളുടെ പട്ടിക അവതരിപ്പിച്ചു. കേന്ദ്ര മൃഗസംരക്ഷണ, ക്ഷീര വികസന, മത്സ്യ ബന്ധന വകുപ്പാണ് ഈ പട്ടിക തയാറാക്കിയത്. കയറ്റുമതി ചെയ്യുമ്പോൾ ഈ മരുന്നുകളുടെ ഉപയോഗം എങ്ങനെ സ്വാധീനിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു. അക്വാകൾച്ചർ ഉപയോഗത്തിനായി വിപണിയിൽ ലഭ്യമായ ഫീഡ് ബൈൻഡർ, പ്രോബയോട്ടിക്സ്, ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന വസ്തുക്കൾ, രോഗപ്രതിരോധ ഉത്തേജകങ്ങൾ, ഫീഡ്, ആരോഗ്യ ബൂസ്റ്ററുകൾ എന്നിവ പോലുള്ള ഉൽപ്പന്നത്തിൽ ആൻറിബയോട്ടിക്കുകളുടെ സാന്നിധ്യം എങ്ങനെ തിരിച്ചറിയാമെന്നും അദ്ദേഹം പഠിപ്പിച്ചു.

കുളം മുതൽ നടത്തേണ്ട ഈ പരിപാടികളുടെ പ്രാധാന്യവും ആവശ്യകതയും ജൂനിയർ ടെക്നിക്കൽ ഓഫീസർ ശ്രീ എസ്. എം. ഷിരോദ്കർ വിശദീകരിച്ചു. മൃഗങ്ങളിലും ഉപഭോക്താക്കളിലും ഇത്തരം മരുന്നുകളുടെ സ്വാധീനം എത്ര വലിയ ദോഷം സൃഷ്ടിക്കുമെന്നതിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

രാവിലെ മക്കേരി ഗ്രാമത്തിലും ഉച്ചകഴിഞ്ഞ് സുൽത്താൻപൂർ ഗ്രാമത്തിലും നടന്ന ശില്പശാലയിൽ യഥാക്രമം 15, 14, സജീവ കർഷകർ/സംരംഭകർ പങ്കെടുത്തു.

# കൃഷ്ണ ജില്ലയിലെ ബോധവൽക്കരണ ശിൽപശാല

അക്വാകൾച്ചറിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗം തടയുന്നതിനായി വിജയവാഡയിലെ എംപിഇഡിഎ റീജിയണൽ ഡിവിഷൻ മെയ് 16 ന് കൃഷ്ണ ജില്ലയിലെ നാഗയലങ്ക മണ്ഡലത്തിലെ ബാവദേവരപ്പള്ളി ഗ്രാമത്തിൽ ശില്പശാല സംഘടിപ്പിച്ചു. അമ്പത് കർഷകർ ശില്പശാലയിൽ പങ്കെടുത്തു.

ശിൽപശാല ഉദ്ഘാടനം ചെയ്ത എംപിടിസിയുടെ (മണ്ഡൽ പരിഷത്ത് ടെറിട്ടോറിയൽ മണ്ഡലങ്ങൾ) ബോണ്ട ഗണപതി റാവു, ആന്റിബയോട്ടിക് അവശിഷ്ടവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും ചെമ്മീൻകൃഷിയിലെ മികച്ച മാനേജ്മെന്റ് പരിശീലനത്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ചും സംസാരിച്ചു. രോഗങ്ങളെ പ്രതിരോധിക്കാനുള്ള ജൈവ സുരക്ഷാ രീതികളെക്കുറിച്ചും കർഷകർക്ക് മുന്നറിയിപ്പ് നൽകി.

ചെമ്മീൻകൃഷിയിൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ബി. നരസിംഹറാവു വിശദീകരിച്ചു. കാളാഞ്ചി, ഞണ്ട് തുടങ്ങി ജലകൃഷിക്കായി ലഭ്യമായ ബദൽ ഇനങ്ങളെക്കുറിച്ചും കർഷകരോട് വിശദീകരിച്ചു.




*എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ബി. നരസിംഹ റാവു എൻറോൾമെന്റ് കാർഡ് വിതരണം ചെയ്യുന്നു*

വിളവെടുത്ത ചെമ്മീൻ വസ്തുക്കൾ അവനിഗദ്ദ പ്രദേശത്ത് സൂക്ഷിക്കുന്നതിന് ഒരു 'കോൾഡ് സ്റ്റോറേജ് സ്ഥാപിക്കാൻ സൊസൈറ്റി പ്രസിഡന്റ് ശ്രീ നായിഡു നഞ്ചരയ്യ എംപിഇഡിഎയോട് അഭ്യർത്ഥിച്ചു. ഈ പ്രദേശത്തെ ആയിരക്കണക്കിന് ഏക്കർ ചെമ്മീൻ കൃഷിയിലാണ്. ന്യായമായ നിരക്ക് ലഭിക്കുമ്പോൾ കർഷകർക്ക് അവരുടെ വസ്തുക്കൾ വിൽക്കാൻ കോൾഡ് സ്റ്റോറേജ് സഹായിക്കും.

നക്സ (എൻഎസിഎസ്എ) ഫീൽഡ് മാനേജർ ശ്രീ രാജേഷ്, നക്സയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചെമ്മീൻ അക്വാകൾച്ചറിൽ സൊസൈറ്റികൾ രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദീകരിച്ചു. അടിയന്തിര വിളവെടുപ്പ് സമയത്ത് കയറ്റുമതിക്കാർ സിൻഡിക്കേറ്റ് രൂപീകരിക്കുകയും വില ഗണ്യമായി കുറയ്ക്കുകയുംചെയ്യുന്നുവെന്നും ഇത് കനത്ത നഷ്ടത്തിന് കാരണമാകുമെന്നും ചർച്ചയിൽ കർഷകർ ചൂണ്ടിക്കാട്ടി. അത്തരം അവസരങ്ങളിൽ, അവർക്ക് ഉൽപ്പന്നം വിൽക്കാൻ കഴിയില്ല. കയറ്റുമതിക്കാരുമായി സംവദിക്കാനും മിനിമം ഗ്യാരണ്ടി വില നിശ്ചയിക്കാനും കർഷകർ എംപിഇഡിഎ ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചു. വിതരണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിലാണ് വില നിർണ്ണയിക്കുന്നത് എന്ന് ഉദ്യോഗസ്ഥർ കർഷകരോട് വിശദീകരിച്ചു.

കർഷകരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം അക്വാ ഫാം എൻറോൾമെന്റ് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു. മാർഗ്ഗനിർദ്ദേശ ലഘുലേഖ, ആന്റിബയോട്ടിക് ബ്രോഷർ എന്നിവയും വിതരണം ചെയ്തു.



*എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ബി. നരസിംഹ റാവു പ്രഭാഷണം നടത്തുന്നു.*

# ബഹുവർഗ ശുദ്ധജലക്കൃഷി സമുച്ചയം തുറക്കാൻ എംപിഇഡിഎ

രാജ്യത്ത് മത്സ്യ ഉൽപാദനത്തിൽ വിപ്ലവം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ മറൈൻ പ്രൊഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (എംപിഇഡിഎ) അതിന്റെ വിശാലമായ മൾട്ടി-സ്പീഷീസ് അക്വാകൾച്ചർ കോംപ്ലക്സ് കൊച്ചിക്ക് സമീപമുള്ള വല്ലാർപാടത്ത് ആരംഭിക്കാൻ ഒരുങ്ങുന്നു.

8.5 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ സൗകര്യം വാണിജ്യപരമായി പ്രധാനപ്പെട്ട 6-7 ഇനങ്ങളുടെ വിത്തുകൾ ഉത്പാദിപ്പിക്കും. ടൈഗർ ചെമ്മീൻ, ഏഷ്യൻ കാളാഞ്ചി, പോംപാനോ, മോദ, ജനിതകപരമായി മെച്ചപ്പെടുത്തിയ ഫാർമഡ് തിലാപ്പിയ (ഗിഫ്റ്റ്), ചെളി ഞണ്ട് തുടങ്ങിയവ ഉൾപ്പെടുന്നു.

പ്രതിവർഷം 20 ദശലക്ഷം രോഗരഹിതവും ആരോഗ്യകരവുമായ വിത്തുകളുടെ ഉൽപാദന ശേഷിയുള്ള ചെമ്മീൻ ഹാച്ചറിയാണ് ഈ സൗകര്യത്തിന്റെ സവിശേഷതയെന്ന് എംപിഇഡിഎ ചെയർമാൻ ശ്രീ എ ജയതിലക് ഐഎഎസ് പറഞ്ഞു.

“ഈ ശ്രമം രണ്ട് പതിറ്റാണ്ടിനു ശേഷം ബ്ലാക്ക് ടൈഗർ ചെമ്മീൻ വളർത്തലിനെ പുനരുജ്ജീവിപ്പിക്കുകയും, തീർച്ചയായും വലിയ വരുമാനം നേടുകയും ചെയ്യും. കാരണം നല്ല നിലവാരമുള്ള ടൈഗർ ചെമ്മീനുകളുടെ ഡിമാൻഡും വിലയും അന്താരാഷ്ട്ര വിപണികളിൽ, പ്രത്യേകിച്ച് ജപ്പാനിലും യൂറോപ്യൻ യൂണിയനിലും വളരെ ഉയർന്നതാണ്,” അദ്ദേഹം പറഞ്ഞു.

കറുത്ത ടൈഗർ ചെമ്മീൻ കൃഷി നടത്തുമ്പോൾ ഉണ്ടാകുന്ന ഒരു പ്രധാന തടസ്സം ആരോഗ്യകരവും രോഗരഹിതവുമായ വിത്തുകളുടെ അഭാവമാണ്. മാതൃക കേന്ദ്രമായ കൊച്ചിയിലെ സൗകര്യം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും സമാനമായ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് വഴിയൊരുക്കും.

കേരളത്തിലെ പരമ്പരാഗത കാർഷിക സമ്പ്രദായത്തിൽ ‘പൊക്കാളി പാടശേഖരം’ എന്ന് പേരിട്ടിരിക്കുന്ന നെൽകൃഷിയ്ക്കുശേഷമുള്ള സമയത്താണ് ടൈഗർ ചെമ്മീൻ വിത്തുകളുടെ ആവശ്യക്കാർ അധികവും. എസ്പിഎഫ് ബ്രൂഡ്സ്റ്റോക്ക് ഉപയോഗിച്ച് ഹാച്ചറി ഉടൻ തന്നെ ‘ടൈഗർ ചെമ്മീന്റെ’ രോഗ രഹിതമായ വിത്തുകൾ ഉത്പാദിപ്പിക്കുമെന്ന് ജയതിലക് പറഞ്ഞു.

കർഷകരുടെയും ആവശ്യം കണക്കിലെടുത്തു നൂതന മാതൃകയിലാണ് ഹാച്ചറി രൂപകൽപ്പന ചെയ്തിരിക്കുന്നത്, മറ്റ് ശുദ്ധജല / സമുദ്ര മത്സ്യങ്ങളുടെ വിത്ത് ഉൽപാദനത്തിനോ മോദ, പോംപാനോ, ഗ്രൂപ്പർ, സ്കാംപി, ഗിഫ്റ്റ് തുടങ്ങിയ മത്സ്യങ്ങൾക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താം.

ജലസംഭരണികൾ, ജലശുദ്ധീകരണ യൂണിറ്റ്, മൈക്രോആൽഗെ ലാബുകൾ, ആർടെമിയ വിഭാഗം, ലാർവൽ വളർത്തൽ, ലാർവ അനന്തര പരിപാലന യൂണിറ്റുകൾ, മലിനജല സംസ്കരണ സംവിധാനം തുടങ്ങി എല്ലാ ആവശ്യ സൗകര്യങ്ങളും മുഴുവൻ ബയോ സെക്യുർഡ് ഹാച്ചറിയിലുണ്ട്.

രോഗരഹിതമായ ബ്രൂഡ്സ്റ്റോക്ക് ശേഖരിക്കുന്നതിനുള്ള ഒരു യൂണിറ്റ് ഉടൻ സ്ഥാപിക്കും.

*-www.business-standard.com*

# ഫിഷറീസ് ഉദ്യോഗസ്ഥർക്കായി ഇഐസി-സിഐബിഎ സംയുക്ത നൈപുണ്യ വർദ്ധന പരിപാടി

മത്സ്യ ഉൽപ്പന്നങ്ങളിൽ നിന്നുള്ള ഇന്ത്യൻ കയറ്റുമതി വരുമാനം 2016-17ൽ എക്കാലത്തെയും ഉയർന്ന നിരക്കായ 37,871 കോടി ഡോളറിലെത്തി (5.7 ബില്യൺ ഡോളർ). ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ മുന്നോട്ടുവച്ച കർശനമായ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു, സാനിറ്ററി, ഫൈറ്റോസാനിറ്ററി എന്നിവ പാലിച്ചു (എസ്പിഎസ്) പരിസ്ഥിതി വ്യവസ്ഥകൾ പാലിച്ചുമാണ് ഇത്തരത്തിലൊരു കയറ്റുമതി നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

മൊത്തം കയറ്റുമതിയുടെ 70% ചെമ്മീനാണ്, ഏകദേശം 25,000 കോടി രൂപയുടെ ചെമ്മീനാണ് റിപ്പോർട്ട് കാലയളവിൽ കയറ്റുമതി ചെയ്തത്.

അതിനാൽ, ഗുണനിലവാരമുള്ള ചെമ്മീനുകളുടെ ഉത്പാദനം സാധ്യമാക്കുന്ന മെച്ചപ്പെട്ട മാനേജ്മെൻറ് രീതികൾ (ബിഎംപി) സ്വീകരിക്കുന്നതിനെക്കുറിച്ച് നമ്മുടെ ചെമ്മീൻ കർഷകരെ




*സിഐബിഎ – ഇഐസി പരിശീലനത്തിൽ കൈപുസ്തകം പുറത്തിറക്കുന്നു.*

ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഫിഷറീസ് സംസ്ഥാന വിഷയമായതിനാൽ, ശേഷി വികസനം ഏറ്റെടുക്കുന്നതിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും മത്സ്യ ബന്ധന വകുപ്പുകൾക്ക് പ്രധാന ഉത്തരവാദിത്തമുണ്ട്.

ഈ സാഹചര്യത്തിൽ, കയറ്റുമതി പരിശോധനാ സമിതി (ഇഐസി), ഐസിഎആർ– സിഐബിഎയുമായി സഹകരിച്ച്, പരിശീലക പരിശീലന കോഴ്സ് നടത്തി മേയ് 7 മുതൽ 11 വരെ ചെന്നൈയിലാണ് പരിപാടി സംഘടിപ്പിച്ചത്. സമുദ്രമേഖലയിലെ നൈപുണ്യ വർദ്ധനവ് (സെംസ്) എന്ന വിഷയത്തിലായിരുന്നു ശിൽപശാല. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പ്രതിനിധികൾ പങ്കെടുത്തു. ആന്ധ്രാപ്രദേശ്, തമിഴ്നാട്, പുതുച്ചേരി സംസ്ഥാനങ്ങളിൽ നിന്നുള്ള 16 മത്സ്യബന്ധന ഉദ്യോഗസ്ഥരാണ് പരിപാടിയിൽ പങ്കെടുത്തത്. പ്രാഥമിക ഉൽപാദന ശൃംഖല, സംസ്കരണ കേന്ദ്രങ്ങൾ, പ്രധാന ഇറക്കുമതി രാജ്യങ്ങൾ നടപ്പിലാക്കുന്ന മാനദണ്ഡങ്ങൾ എന്നിവയിൽ പരിശീലനം നൽകി.

ശുദ്ധജലക്കൃഷി ഉൽപന്നങ്ങളുടെ ഉൽപാദനവും ഭക്ഷ്യ സുരക്ഷയും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മത്സ്യ ഗവേഷണ സ്ഥാപനങ്ങളും പ്രൊമോഷണൽ ഏജൻസികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സിഐബിഎ ഡയറക്ടർ ഡോ. കെ. വിജയൻ പറഞ്ഞു. ജലകൃഷി ഉൽപാദനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും കൃഷിക്കാർക്കും കയറ്റുമതിക്കാർക്കുമിടയിൽ ഒരു പാലം സൃഷ്ടിക്കുന്നതിൽ ഫീൽഡ് തലത്തിലുള്ള മത്സ്യബന്ധന ഉദ്യോഗസ്ഥർ പ്രധാന പങ്ക് വഹിക്കേണ്ടതുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രാഥമിക ഉൽപാദന സമ്പ്രദായങ്ങളിൽ നിന്ന് മായം നീക്കം ചെയ്യുന്നത് ആഭ്യന്തര, കയറ്റുമതി വിപണികളിലെ നമ്മുടെ ജല ഉൽപന്നങ്ങളുടെ ഉയർന്ന സ്വീകാര്യത ഉറപ്പാക്കുന്നുവെന്ന് ഇഐസി ഡയറക്ടർ ഡോ. എസ്. കെ. സക്സേന പറഞ്ഞു. ഉപ്പുവെള്ള സംവിധാനങ്ങളിൽ ബദൽ കൃഷി രീതി അവലംബിക്കുന്നതിൽ ഫിഷറി എക്സ്റ്റൻഷൻ ഓഫീസർമാരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിൽ ഇഐസിയുമായി കൈകോർക്കുന്നതിലും സിഐബിഎ നടത്തിയ ശ്രമങ്ങളെ അദ്ദേഹം അംഗീകരിച്ചു. സിഐബിഎ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. കെ. പാട്ടീൽ, ചെന്നൈയിലെ ഇഐസി ജോയിന്റ് ഡയറക്ടർ ഡോ. ജെ. എസ്. റെഡ്ഡി എന്നിവരായിരുന്നു ശിൽപശാല ഏകോപിപ്പിച്ചത്.

*ഐസിഎആർ – സിഐബിഎ*

# ഐസിഎആർ-സിഐഎഫ്ടി ഔട്ട്ലെറ്റുകളിൽ ചെതുമ്പൽ നീക്കം ചെയ്യുന്ന മെഷീൻ പ്രവർത്തിച്ചു തുടങ്ങി

കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, ചെതുമ്പൽ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിന് ഒരു മോട്ടോർ ഓപ്പറേറ്റഡ് ടേബിൾ ടോപ്പ് ഫിഷ് ഡെസ്കലിംഗ് മെഷീൻ (5 കിലോ ശേഷി) വികസിപ്പിച്ചെടുത്തു. ഈ യന്ത്രത്തിന് ചാള, തിലാപ്പിയ, രോഹു തുടങ്ങിയ മത്സ്യങ്ങളുടെ ചെതുമ്പൽ നീക്കം ചെയ്യാൻ കഴിയും. യന്ത്രം സ്റ്റെയിൻലെസ് സ്റ്റീൽ (എസ്എസ്) സ്ക്വയർ ട്യൂബ് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്, ഭ്രമണം ചെയ്യുന്ന ഡ്രം ഫുഡ് ഗ്രേഡ് സ്റ്റീൽ (എസ്എസ് 304)). 20-30 ആർപിഎം മോട്ടറും. ആവശ്യമായ ഡ്രം വേഗത കൈവരിക്കുന്നതിന് ശരിയായ ബെൽറ്റ്റിഡക്ഷൻ സംവിധാനമുള്ള 0.5 എച്ച്പി എസി മോട്ടോറാണ് ഇതിലുള്ളത്. ചെറുകിട, റീട്ടെയിൽ ഫിഷ് പ്രോസസ്സറുകൾ / വിൽപനക്കാർ / വെണ്ടർമാർ എന്നിവർക്ക് താങ്ങാനാവുന്ന വിലയാണ്. ജിഎസ്ടി ഒഴികെ ഡെസ്കലിംഗ് മെഷീന്റെ ആകെ ചെലവ് ഏകദേശം 35,000 രൂപ. ടേബിൾ ടോപ്പ് ഡെസ്കലിംഗ് മെഷീൻ 2018 ജൂൺ 11 ന് കൊച്ചി ഇടപ്പള്ളി മഠം ജംക്ഷനിലെ സീ ഫുഡ് ഡെലിവറി ആൻഡ് റീട്ടെയിൽ ഔട്ട്ലെറ്റിൽ പ്രവർത്തനം ആരംഭിച്ചു.

ഇതിനുപുറമെ ഐസിഐആർ-സിഫ്റ്റ് സമുദ്രവിഭവ സംസ്കരണത്തിനും പാക്കേജിംഗിനും സാങ്കേതിക പിന്തുണയും നൽകി. മത്സ്യ വിതരണവും റീട്ടെയിൽ ഔട്ട്ലെറ്റും ഡയറക്ടർ ഡോ. രവിശങ്കർ സി. എൻ. ഉദ്ഘാടനം ചെയ്തു. ഡോ. ജോർജ് നിനൻ, ഐ/സിഎബിഐ, ഐസിഎആർ-സിഐഎഫ്ടി കൊച്ചിയിലെ മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനം.



*ഐസിഎആർ – സിഐഎഫ്ടി ഡയറക്ടർ ഡോ. രവിശങ്കർ സി.എൻ. സമുദ്രോൽപന്ന ചില്ലറ വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്യുന്നു.*

*- സിഐഎഫ്ടി*

# എല്ലാ ഇനങ്ങളുടെയും സ്രാവുകളുടെയും ചിറകുകൾ കയറ്റുമതി ചെയ്യുന്നത് നിരോധിച്ച കേന്ദ്രസർക്കാർ വിജ്ഞാപനം കേരള ഹൈക്കോടതി സ്വീകരിച്ചു

സ്രാവ് ചിറകുകളുടെ കയറ്റുമതി നിരോധിച്ച കേന്ദ്രസർക്കാർ വിജ്ഞാപനം കേരള ഹൈക്കോടതി ശരിവയ്ക്കുകയും എണ്ണത്തിൽ കുറവുള്ള ഉപഭോക്താക്കളുടെ പേരിൽ 'സ്രാവുകളെ മൊത്തത്തിൽ കൊല്ലാൻ' കഴിയില്ലെന്നും നിരീക്ഷിച്ചു.

അന്നത്തെ ചീഫ് ജസ്റ്റിസ് ആന്റണി ഡൊമിനിക് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് സിംഗിൾ ബെഞ്ച് ഉത്തരവ് ശരിവച്ചത്. 2015 ൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിന് എതിരായ ഹർജിയാണ് തള്ളിയത്. വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളെയും പിടികൂടുന്നതു നിരോധിച്ചുള്ള നിയമം 2001 ൽ പാസാക്കി. എന്നാൽ, അതേ വർഷം തന്നെ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ പ്രതിഷേധത്തെ തുടർന്ന് മത്സ്യ വിഭാഗത്തെ ഒഴിവാക്കി. സ്രാവിന്റെ ചിറകുകൾ കയറ്റുമതി ചെയ്യുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് 2015 ലാണു നടപ്പായത്.

ചിറകുകൾ കയറ്റുമതി ചെയ്യുന്ന ഒരാളാണ് നിരോധനത്തെ വെല്ലുവിളിച്ച് കോടതിയിൽ എത്തിയത്. നിരോധനം വ്യാപാരത്തിനുള്ള മൗലികാവകാശത്തെ ബാധിക്കുന്നുവെന്നും നിരോധനം കാരണം പ്രാദേശിക വിപണിയിലെ മത്സ്യത്തൊഴിലാളികളിൽ നിന്ന് സ്രാവ് വാങ്ങാൻ കഴിയില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടി. നയരൂപീകരണം നടത്തുന്നവരുടെ വിവേകം ചോദ്യം ചെയ്യാൻ പാടില്ലെന്നും നിരോധനം നടപ്പാക്കും മുൻപ് എല്ലാ വിഭാഗം ജനങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്നെന്നും

നിരീക്ഷിച്ച ജസ്റ്റിസ് എ മുഹമ്മദ് മുസ്താക് ഹർജി തള്ളി.

വിജ്ഞാപനം ശരിവച്ചുകൊണ്ട് ജസ്റ്റിസ് ദാമ ശേശാദ്രി നായിഡു തന്റെ വിധിന്യായത്തിൽ ഇങ്ങനെ നിരീക്ഷിച്ചു: "ഇന്ത്യ സ്രാവ് ചിറക് കയറ്റുമതിയിലോ, സ്രാവുകളുടെ വംശഹത്യ ചെയ്യുകയോയില്ല. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താനും പരിസ്ഥിതി സംരക്ഷണം, സസ്യജന്തുജാലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനും ചില വിട്ടുവീഴ്ചകൾ ചെയ്യുന്നു.

മത്സ്യബന്ധനത്തെ ആശ്രയിക്കുന്നവരുടെ ആവശ്യങ്ങളോട്



സർക്കാർ വിവേചനരഹിതമായി പെരുമാറിയെന്ന് ഞങ്ങൾക്ക് പറയാനാകില്ല. ആദ്യം, 11.7.2001 ലെ വിജ്ഞാപനത്തിലൂടെ സർക്കാർ ആകെ നിരോധനം ഏർപ്പെടുത്തി; പിന്നീട് ഇത് 05.12.2001 ൽ പരിഷ്ക്കരിച്ചു. ഒൻപത് ഇനം സ്രാവുകളുടെയും തിരണ്ടിയുടെയും കയറ്റുമതിയാണ് നിരോധിച്ചുത്. 13 വർഷത്തിലേറെ ഇടവേളയ്ക്ക് ശേഷം സർക്കാർ വീണ്ടും ഒരു നിരോധനം കൊണ്ടുവന്നു. വീണ്ടും നിരോധനം കാര്യക്ഷമമാക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാണ്. ആഴക്കടലിൽ ഒരു സ്രാവിനെയും തിരണ്ടിയേയും കണ്ടെത്താൻ കഴിയുന്നില്ല, കാരണം വംശനാശം സംഭവിക്കുകയാണവയ്ക്ക്.

ഗാർഹിക ഉപഭോഗത്തിനായി സ്രാവുകളെ കൊല്ലുന്നതിനു നിരോധനമില്ല. എന്നാൽ സ്രാവ് ചിറകുകൾ കയറ്റുമതി ചെയ്യുന്നത് നിരോധിച്ചിട്ടുണ്ടെന്നും കോടതി നിരീക്ഷിച്ചു. "സ്രാവുകളുടെ മാംസം ഇന്ത്യക്കാർക്ക് പ്രധാന ഭക്ഷണമല്ല. മത്സ്യ കഴിക്കുന്നവരിൽ പോലും, സ്രാവ് മാംസം ഇഷ്ടപ്പെടുന്നവർ കുറവാണ്. അതിനാൽ, എണ്ണത്തിൽ കുറവുള്ളവർക്കായി സ്രാവുകളെ മൊത്തത്തിൽ കൊല്ലാൻ കഴിയില്ല. സ്രാവുകളുടെ ചിറക് കയറ്റുമതിയാണ് ഇവിടെ വിഷയം. ചിറക് അരിയുന്നതോടെ സ്രാവുകളുടെ എണ്ണം കുറയുകയും മിക്കവാറും അപ്രത്യക്ഷമാവുകയും ചെയ്യും.'

*- www.livelaw.in*

---

# ICAR-CIBA അതിന്റെ ആദ്യത്തെ അകാകൾച്ചർ ഉദ്ഘാടനംചെയ്തു ഗുജറാത്തിലെ പടിഞ്ഞാറൻ തീരത്തുള്ള ഗവേഷണ കേന്ദ്രം നവസാരി അഗ്രികൾച്ചർ യൂണിവേഴ്സിറ്റി കാമ്പസിൽ

ഐസിഎആർ-സിബയുടെ നവസാരി-ഗുജറാത്ത് ഗവേഷണ കേന്ദ്രം (എൻജിആർസി) നവസാരി അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (എൻഎയു) ക്യാമ്പസിൽ 2018 ജൂൺ 7 ന് ഡോ. ജെ. കെ. ജെന, ഐസിഎആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഉദ്ഘാടനം ചെയ്തു. നവസാരി ലെജിസ്ലേറ്റീവ് അസംബ്ലി അംഗം ശ്രീ. ആർ.സി. പട്ടേൽ, എൻഎയു വൈസ് ചാൻസലർ ഡോ. സി.ജെ. ഡംഗാരിയ, ചെന്നൈയിലെ ഐസിഎആർ-സിബ ഡയറക്ടർ ഡോ. കെ.കെ. വിജയൻ എന്നിവരും പങ്കെടുത്തു.

നവസാരി ലെജിസ്ലേറ്റീവ് അസംബ്ലി അംഗം ശ്രീ. ആർ.സി. പട്ടേൽ തന്റെ അധ്യക്ഷ പ്രസംഗത്തിൽ, നവസരിയിൽ സിബയുടെ കേന്ദ്രം സ്ഥാപിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുകയും ഗുണനിലവാരമുള്ള വിത്ത്, ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ തീറ്റ, രോഗ മാനേജ്മെന്റ് ഉൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള സാങ്കേതികവിദ്യകൾ ചെമ്മീൻ ഉൽപാദനത്തിലേക്കും കൊണ്ടുവരാൻ സിബയുടെ സഹായം തേടി. അതിനാൽ ഉൽപാദനച്ചെലവ് കുറയ്ക്കാൻ കഴിയും.

ജലകൃഷിക്ക് കാർഷിക പദവി നൽകാൻ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യാൻ അദ്ദേഹം ഐസിഎആറിനോട് അഭ്യർത്ഥിച്ചു. കാർഷിക മേഖലയ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും. എൻഎയു കാമ്പസിൽ സ്ഥാപിതമായ സിബ കേന്ദ്രത്തിൽ നിന്ന് പരമാവധി പ്രയോജനം നേടണമെന്ന് അദ്ദേഹം പ്രദേശത്തെ കർഷകരോടും അഭ്യർത്ഥിച്ചു.

നവസാരി കാർഷിക സർവ്വകലാശാല ക്യാമ്പസിൽ എൻആർജിസി കേന്ദ്രം ആരംഭിക്കാൻ സഹായിച്ച വൈസ് ചാൻസലർക്കും എൻഎയുയിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. ജെ. കെ. ജെന ഉദ്ഘാടന പ്രസംഗത്തിൽ നന്ദി പറഞ്ഞു. ഭക്ഷ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, പോഷക സുരക്ഷ, തൊഴിലവസരങ്ങൾ എന്നിവ നൽകുന്ന മേഖലയാണ് ജലകൃഷി. ഈ ജലസ്രോതസ്സ് കുടിവെള്ളത്തെയോ കാർഷിക ജലത്തെയോ ബാധിക്കുന്നില്ലെന്നതാണ് ഉപ്പുവെള്ള ജലകൃഷിയുടെ പ്രയോജനമെന്നും എടുത്തു പറഞ്ഞു.

ജലകൃഷി മേഖലയുടെ വികസനത്തിൽ സംഘടനകൾക്കിടയിൽ ഐക്യം വളർത്തിയെടുക്കുന്നതിനായി ഐസിഎആർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കർഷകരോടു ചേർന്നു പ്രവർത്തിക്കാൻ സിബയുടെയും എൻഎയുവിന്റെയും ശാസ്ത്രജ്ഞരോട് അഭ്യർത്ഥിക്കുന്നു. മത്സ്യം എല്ലാവർക്കും എല്ലാ സമയവും എന്ന ലക്ഷ്യം കൈവരിക്കാനാകും. ജലകൃഷികർഷകരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സിബയും എൻഎയുവും ഒരുമിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകളെ

കുറിച്ച് എൻഎയു വൈസ് ചാൻസലർ ഡോ. സി. ജെ. ഡംഗാരിയ പറഞ്ഞു. കർഷകരുടെ പ്രയോജനത്തിനായി ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

പടിഞ്ഞാറൻ തീര മേഖലയിലെ സിബാ കേന്ദ്രത്തിന്റെ പ്രാധാന്യം എടുത്തുകാട്ടിയ സിബയുടെ ഡയറക്ടർ ഡോ. കെ. കെ. വിജയൻ, ഗുണനിലവാരമുള്ള വിത്ത് ഉത്പാദനം, തീറ്റ സാങ്കേതികവിദ്യ, ജല മൃഗങ്ങളുടെ ആരോഗ്യം എന്നിവയിൽ സിബയ്ക്ക് വൈദഗ്ധ്യമുണ്ടെന്നും പറഞ്ഞു. മേഖലയിലെ അക്വാ കർഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിൽ എൻഎയുവിന്റെ ഫിഷറീസ് കോളേജും സിഐബിഎയും തമ്മിലുണ്ടാകേണ്ട പങ്കാളിത്തത്തെ കുറിച്ചും പറഞ്ഞു.

ഉപ്പുവെള്ള അക്വാകൾച്ചറിന്റെ വളർച്ചയിലൂടെ, സിബയുടെ പിന്തുണയോടെ ഗുജറാത്ത് അക്വാഫാർമേഴ്സിന്റെ മിടുക്ക് സംസ്ഥാനത്തിന്റെ അക്വാകൾച്ചർ ഉൽപാദനം ഇരട്ടിയാക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. സമുദ്രോൽപ്പന്ന കയറ്റുമതിയിലെ എക്സ്പോണൻഷ്യൽ വളർച്ച 2017 ൽ 37,000 കോടി രൂപയിൽ എത്തി എന്നത് ഒരു നാഴികക്കല്ലാണ്.

ചടങ്ങിൽ, തീരദേശ അക്വാകൾച്ചർ അതോറിറ്റി അംഗം സെക്രട്ടറി ഡോ. സി. ഗോപാൽ. ചെന്നൈ, ഐസിഎആർ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. പ്രവീൺ പുത്ര, വെറ്ററിനറി കോളേജ് ഡീൻ ഡോ. എൻ. എച്ച്. കേളവാല എന്നിവർ പുതുതായി സ്ഥാപിച്ച കേന്ദ്രത്തിന് പിന്തുണ വാഗ്ദാനം ചെയ്തു. നവസാരി കാർഷിക സർവ്വകലാശാലയുമായി സഹകരിച്ചാണ് ഉപ്പുവെള്ള കർഷകരുടെ യോഗം സംഘടിപ്പിച്ചത്. മേഖലയിലെ തിരഞ്ഞെടുത്ത കർഷകർക്ക് മണ്ണ്, ജലാരോഗ്യ കാർഡുകൾ വിതരണം ചെയ്തു.



*എൻജിആർസി ഉദ്ഘാടനത്തിൽ നിന്ന്*

നേരത്തെ, ചെന്നൈ ഐസിഎആർ - സിബയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. കെ. പാട്ടീൽ അതിഥികളെ സ്വാഗതവും ഐസിഎആർ - സിബയിലെ ശാസ്ത്രജ്ഞൻ ശ്രീ.പങ്കജ് പാട്ടീൽ നന്ദി പറഞ്ഞു.

*– ഐസിഎആർ – സിഐബിഎ*

## വാർഷിക സമുദ്ര മത്സ്യ ഉൽപാദനത്തിൽ 5.6 ശതമാനത്തിന്റെ വർധന, 2017 ൽ



2017 ലെ വാർഷിക സമുദ്ര മത്സ്യ വരവിൽ വളർച്ചയുടെ അടയാളം കാണിക്കുന്നു, മുൻ വർഷത്തെ അപേക്ഷിച്ച് 5.6 ശതമാനം വർധന. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) പുറത്തുവിട്ട കണക്കനുസരിച്ച്, 2017 - ൽ ഇന്ത്യയിലെ മൊത്തം സമുദ്ര മത്സ്യങ്ങൾ (ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് ദ്വീപുകൾ ഒഴികെ) 3.83 ദശലക്ഷം ടൺ ആയിരുന്നു. തുടർച്ചയായ അഞ്ചാം വർഷവും 7.86 ലക്ഷം ടൺ സംഭാവന ചെയ്ത ഗുജറാത്ത് ഒന്നാം സ്ഥാനത്ത് തുടരുന്നു (മൊത്തം ലാൻഡിംഗിന്റെ 20.5 ശതമാനം). തമിഴ്നാടും കേരളവും ഗുജറാത്തിനു പിന്നാലെയുണ്ട്.

2012 ലെ റെക്കോർഡിലേക്ക് ഉയർന്ന മത്സ്യ വരവിനു ശേഷമുള്ള ഏറ്റവും ഉയർന്ന വരവാണ് 2017 ലേത്. തമിഴ്നാട് ഒഴികെയുള്ള

എല്ലാ സമുദ്ര തീരത്തുള്ള സംസ്ഥാനങ്ങളിലും സമുദ്ര മത്സ്യ വരവ് മെച്ചപ്പെട്ടു. കേന്ദ്രഭരണ പ്രദേശങ്ങളായ പുതുച്ചേരി, ദാമൻ, ഡിയു എന്നിവിടങ്ങളിലും ഗണ്യമായ കുറവ് രേഖപ്പെടുത്തി.

പടിഞ്ഞാറൻ തീരദേശ സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് കേരളത്തിലെ നെയ് മത്തിയുടെ വരവിലെ വളർച്ചയാണ് ഇത്തവണ രാജ്യത്തെ സമുദ്ര മത്സ്യ ഉൽപാദനം മെച്ചപ്പെടുത്തുന്നതിന്റെ പ്രധാന ഘടകം.

അതേസമയം, കിഴക്കൻ തീരത്ത് നെയ് മത്തി വരവിൽ കുറവുണ്ടായി. ആന്ധ്രയിൽ 83 ശതമാനവും തമിഴ്നാട്ടിൽ 36 ശതമാനവും കുറവുണ്ടായി.

ആകെ 788 സമുദ്ര മത്സ്യങ്ങളെ ഇന്ത്യൻ തീരത്ത് എത്തിയത്. വൈവിധ്യങ്ങളുടെ ഗണത്തിൽ തമിഴ്നാടാണ് മുന്നിൽ. പിന്നിലായി കേരളവും മഹാരാഷ്ട്രയും.

കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞുവന്നിരുന്ന നെയ് മത്തി 2017 ൽ സമുദ്ര മത്സ്യബന്ധന വിഭവങ്ങളുടെ പട്ടികയിൽ ഒന്നാമതെത്തി. 3.37 ലക്ഷം ടൺ (മൊത്തം ലാൻഡിംഗിന്റെ 8.8 ശതമാനം) മത്തിയാണ് ഇന്ത്യയിലുടനീളം ലഭിച്ചത്, അതായത് 38 ശതമാനം വർദ്ധനവ്. 2016 ലെ വരവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നെയ് മത്തിയുടെ വരവിൽ 176 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2016 ൽ കഴിഞ്ഞ രണ്ട് ദശകത്തിനിടെയുള്ള ഏറ്റവും കുറവ് മത്സ്യമാണ് ലഭിച്ചത്.

അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ അയലയുടെ വരവ് വർദ്ധിച്ചു. അതേസമയം ഹിൽസ ഷാഡ്, ത്രെഡ് ഫിൻ ബ്രീമുകൾ, ട്യൂണ എന്നിവയുടെ വരവ് ഈ വർഷം കുറഞ്ഞു. പശ്ചിമ ബംഗാൾ, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ അയലയുടെ ഗണ്യമായ വർധന രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സിഎംഎഫ്ആർഐ വ്യക്തമാക്കി.

2017 അവസാനത്തോടെ ഉണ്ടായ ഓഖി ചുഴലിക്കാറ്റ് കേരളത്തിലെയും തമിഴ്നാട്ടിലെയും സമുദ്ര മത്സ്യബന്ധന മേഖലയെ ദുരന്തത്തിലേക്കു നയിച്ചു.

2017 ഡിസംബറിലുണ്ടായ ഓഖി ദുരന്തത്തെത്തുടർന്ന് ഇരു സംസ്ഥാനങ്ങൾക്കും ഏകദേശം 35,000 ടൺ മത്സ്യം കുറഞ്ഞു. ലാൻഡിംഗ് സെന്റർ തലത്തിൽ 585 കോടി രൂപയും റീട്ടെയിൽ തലത്തിൽ 821 കോടി രൂപയുമാണ് സാമ്പത്തിക നഷ്ടം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 57 ശതമാനം മത്സ്യബന്ധനം കുറച്ചത് കഴിഞ്ഞ വർഷം ഡിസംബറിൽ ഉണ്ടായ ചുഴലിക്കാറ്റാണ്.

സിഎംഎഫ്ആർഐ ഡയറക്ടർ എ ഗോപാലകൃഷ്ണൻ പറയുന്നതനുസരിച്ച്, 2017 ലെ മത്സ്യ വരവ് ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ മത്സ്യ വരവാണ്.

സമുദ്ര മത്സ്യ ഉൽപാദനത്തിലെ ഉയർച്ച പ്രതീക്ഷ നൽകുന്നതായും ചില തീര സംസ്ഥാനങ്ങളിൽ പുതിയ വിഭവങ്ങൾ ഉയർന്നു വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മിനിമം ലീഗൽ സൈസ് (എംഎൽഎസ്) പോലുള്ള മത്സ്യബന്ധന ചട്ടങ്ങളും സിഎംഎഫ്ആർഐ നിർദ്ദേശിച്ച മറ്റ് നിയന്ത്രണ നടപടികളും കേരളത്തെയും മറ്റ് സമുദ്ര സംസ്ഥാനങ്ങളെയും മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ടെന്നും മത്സ്യ വരവ് സ്ഥിതിവിവര കണക്ക് വ്യക്തമാക്കുന്നു.

*- www.outlookindia.com*

## വിശകലനം: ഇക്വഡോർ ചെമ്മീൻ കയറ്റുമതി മുന്നേറുന്നു

ഏപ്രിൽ മുതലുള്ള ഇക്വഡോറിയൻ ചെമ്മീൻ കയറ്റുമതി കണക്കുകൾ പരിശോധിക്കാം. റെക്കോർഡ് അളവായ 106 ദശലക്ഷം പൗണ്ട് കയറ്റുമതി ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. നേരത്തത്തെ റെക്കോർഡിൽ നിന്ന് 2017 ഡിസംബറിൽ 14 ദശലക്ഷം പൗണ്ട് കൂടുതൽ എത്തിയെന്നാണ് കണക്ക്.

ഏഷ്യയിലേക്കുള്ള കയറ്റുമതിയും റെക്കോഡ് ഉയരത്തിലെത്തി. മുൻവർഷത്തെ അപേക്ഷിച്ച് ഏപ്രിലിൽ ഇത് 70 ദശലക്ഷം പൗണ്ട് മറികടന്നു. 25 ദശലക്ഷം പൗണ്ടിന്റെ വർധന രേഖപ്പെടുത്തി.

മാർച്ചുമായി താരതമ്യപ്പെടുത്തുമ്പോൾ യുഎസിലേക്കുള്ള കയറ്റുമതി ഏപ്രിലിലും മുന്നേറി. പക്ഷേ, 2017 ഏപ്രിലുമായി താരതമ്യപ്പെടുത്തുമ്പോൾ 3 ദശലക്ഷം പൗണ്ടാണ് വർധന. ഒരു വർഷംതോറും, യുഎസിലേക്കുള്ള കഴിഞ്ഞ മൂന്ന് വർഷത്തേക്കുള്ള കയറ്റുമതി വർഷത്തിലെ ആദ്യ മാസങ്ങളിൽ 50 ദശലക്ഷം പൗണ്ടാണ്.

ഉപസംഹാരമായി, ഇക്വഡോർ ചെമ്മീൻ കയറ്റുമതി റെക്കോർഡ് ഉയരത്തിലെത്തിക്കൊണ്ടിരിക്കുന്നു. ഏഷ്യയിലേക്കുള്ള കയറ്റുമതിയിലും ഗണ്യമായ വളർച്ച രേഖപ്പെടുത്തി.



*- www.seafoodnews.com*

www.mpeda.gov.in



# There's no seafood as Irresistible as Indian Seafood

From the sparkling Indian seas comes the finest seafood in the world. Enjoy it in abundance throughout the year.

*You haven't tasted the best seafood, if you haven't tasted Indian seafood.*




The Marine Products Export Development Authority
(Ministry of Commerce & Industry, Government of India)
MPEDA House, Panampilly Avenue, Kochi - 682 036, Kerala, India
Phone: +91 484 2311979 Fax: +91 484 2313361 E-mail: ho@mpeda.gov.in